deviation which this Government made from the policy that has been pursued by this State so far as the forest administration of the State was concerned. Now I am asking the question whether that has been done wisely. Is it not an act which went against the interests of the future generation of this State? Therefore I can appreciate several provisions of this Bill which will enable Government to add to the forests of the State. I do not wish to enter into details as to how portions should not be disafforested or forest land should be allowed to be disafforested and assigned to persons. I do wish to enter into all these details.

ADJOURNMENT MOTION

Mr. Speaker: We will now proceed to the discussion of the adjournment motion.

Sri. M. I. Paul: I have not received a copy of the adjournment motion.

Mr. Speaker: The motion in full is incorporated in the agenda for the day which has been made available to all the members.

ശ്രീ. ഇട്ടീര അബൂക്കൻ : ഇന്നലെ ഈ അടിയന്തിര പ്രമേയം ബഹു. സ്പീക്കർ അനുവദിക്കുന്ന സമയത്തു് അതിനോടു് എതിരഭിപ്രായം ഈ സഭയിൽ ആക്കെങ്കിലും ഉണ്ടോ എന്നു ചോദിച്ചപ്പോൾ ഗവൺമെണ്ടു പക്ഷത്തുനിന്നു് ആരും എതിർത്തുകണ്ടില്ല. ആ സ്ഥിതിക്കു് ഗവൺമെണ്ടിന്റെ നില ഇതിനോടു് അനുകൂലമാണെന്നു് സ്പഷ്ടമാണു്. അതുകൊണ്ടു് ഇതു സംബന്ധിച്ചുള്ള ഒരു വാദ പ്രതിവാദത്തിന്റെ ആവശ്യമുണ്ടോ.

മി. സ്പീക്കർ : ഈ സംഗതി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും അതു സംബന്ധിച്ചു് ഒരു വാദപ്രതിവാദം നടത്തുന്നതിനും ഗവൺമെണ്ടിനു് വിരോധമില്ലെന്ന മാത്രമേ ഗവൺമെണ്ടു സ്വീകരിച്ചു ആ നിലകൊണ്ടു അത്രമാകുന്നുള്ളു.

Sri. V. Gangadharan Nair: Sir, " I move that the business of the House be adjourned to discuss a definite matter of urgent public importance, namely, the situation created as a result of the strike started in the FACT, Alwaye, from yesterday onwards."

സർ, വളരെ പ്രാധാന്യം അർഹിക്കുന്ന ഈ പ്രശ്നത്തെപ്പറ്റി പ്രത്യേകമായ ഒരു വാദപ്രതിവാദംതന്നെ നടത്തണമെന്നു് ഈ ബഞ്ചിലുള്ള ഞങ്ങൾ നിശ്ചയിച്ചതു് ഈ വിഷയത്തിൽ ഗവൺമെണ്ടു് ചില രാഷ്ട്രീയ പരിഗണനകളെ മുൻനിറുത്തി പ്രവർത്തിക്കുന്നുണ്ടോ എന്നു സംശയിക്കുന്നതുകൊണ്ടാണു്. ഇന്നലെ കാലത്തു് എട്ടുമണിമുതൽ ഭക്ഷ്യോല്പാദനത്തിനു് അത്യന്താപേക്ഷിതമായിരിക്കുന്ന വളം നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന എഫ്. എ. സി. റ്റി. യിൽ രണ്ടായിരത്തോളം വരുന്ന തൊഴിലാളികൾ പണിമുടക്കു ആരംഭിച്ചിരിക്കയാണു്. ഈ പണിമുടക്കു തുടങ്ങുന്നതിനു് എത്രയോ മുമ്പുതന്നെ എഫ്. എ. സി. റ്റി. എംപ്ലോയീസു് അസോസിയേഷൻ പ്രസിഡൻറും ഈ നാട്ടിലെ ഒരു പ്രശസ്ത തൊഴിലാളി നേതാവുമായ സ. കെ. എൻ. ഗോപാലപിള്ളയേയും അദ്ദേഹത്തിന്റെ പല പ്രധാന സഹപ്രവർത്തകരേയും ഈ ഗവൺമെണ്ടു് അറസ്റ്റു് ചെയ്കയും ജയിലിൽ അടയ്ക്കുകയും ചെയ്തിരുന്നു. ഫാക്ടറിലെ ട്രേഡ് യൂണിയനുമായി യാതൊരു ബന്ധവുമില്ലാത്ത സഖാവു് ആർ. എം. മനയ്ക്കലാത്തു് എന്ന ഒരു സോഷ്യലിസ്റ്റു് പ്രവർത്തകനെ ഈ കാര്യത്തെ അടിസ്ഥാനമാക്കി പബ്ലിക്ക് സേഫ്റ്റി നിയമമനുസരിച്ചു് അറസ്റ്റു് ചെയ്കയും ജയിലിൽ അടയ്ക്കുകയും ചെയ്തിരിക്കുന്നു. എഫ്. എ. സി. റ്റി. എംപ്ലോയീസു് യൂണിയന്റെ പ്രധാന പ്രവർത്തകരെയെല്ലാം അറസ്റ്റു് ചെയ്യാൻ വാറണ്ടു് പുറപ്പെടുവിച്ചിരിക്കയാണു്. ഏതായാലും പണിമുടക്കു തുടങ്ങുന്നതിനുമുമ്പുതന്നെ അറസ്റ്റുകൾ തുടങ്ങി. അറസ്റ്റു് ചെയ്യ

LIBRARY ARCHIVES Kerala Legislative Assembly

തിനെ തുടർന്ന് ഉടനടി എഫ്. എ: സി. റി. യിലെ സമാധാനപ്രിയരായ തൊഴിലാളികൾ പണിമുടക്കുകയുണ്ടായില്ല. അവർ ഇന്നലെ കാലത്തുവരെ കാത്തിരിക്കുകയും അവരുടെ ന്യായമായ അവകാശവാദങ്ങൾക്ക് അനുകൂലമായ യാതൊരു മനോഭാവവും എഫ്. എ. സി. റി. മാനേജ്മെൻറിൽ നിന്നും ഗവണ്മെണ്ടിൽനിന്നോ കാണാത്തതുകൊണ്ടു് പണിമുടക്കു് ആരംഭിച്ചിരിക്കുകയുമാണു്. ഈ അറസ്റ്റുകളെല്ലാംതന്നെ ഒരു പണിമുടക്കിനു് മതിയായ കാരണമാണു്. എന്നാൽ ഈ പണിമുടക്കിനു് ഹേതുഭൂതമായ മറ്റു ചില കാരണങ്ങളെക്കുറിച്ചും ഇവിടെ അല്പമൊന്നു് പ്രതിപാദിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. ഇട്ടീരാ അയ്യക്കൻ : ഈ അറസ്റ്റുകൾക്കു് ശേഷമാണോ പണിമുടക്കു തുടങ്ങിയതു്?

ശ്രീ. വി. ഗംഗാധരൻ നായർ : അതേ. ഫെബ്രുവരി നവംബർ പത്തൊമ്പതിയതി എഫ്. എ. സി. റി. യിലെ തൊഴിലാളികൾ എഫ്. എ. സി. റി. എംപ്ലോയീസ് അസോസിയേഷൻ മുഖേന ഒരു മെമ്മോറാണ്ടം മാനേജ്മെൻറിനു് സമർപ്പിച്ചു. ആ മെമ്മോറാണ്ടത്തിൽ അനേകം ഡിമാൻഡുകൾ ഉൾപ്പെട്ടിയിരുന്നുവെങ്കിലും പ്രധാനമായവ ഇവയാണു്. ഏറ്റവും കുറഞ്ഞ അടിസ്ഥാനകൂലി പ്രതിമാസം ൪൦ രൂപ ആക്കണമെന്നും ക്ഷാമബത്ത വർദ്ധിപ്പിക്കണമെന്നും ആയിരുന്നു അവ. പ്രതിമാസം ൩൦ രൂപപോലും കിട്ടാത്ത തൊഴിലാളികൾ ഇന്നും എഫ്. എ. സി റി. യിൽ ജോലി ചെയ്യുന്നുണ്ടെന്നാണു് എന്റെ അറിവു്. സർ, ഇന്നു് തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തുള്ള പല ഇൻഡസ്ട്രിയൽ സ്ഥാപനങ്ങളിലും ക്ഷാമബത്ത പ്രതിമാസം ൪൦ രൂപായോളം ഒരു തൊഴിലാളിയ്ക്കു് ലഭിച്ചുകൊണ്ടിരിക്കുമ്പോൾ വളരെ പ്രധാനമായ ഈ എഫ്. എ. സി. റി. യിൽ ക്ഷാമബത്ത ഇന്നു് ൨൦ രൂപ മാത്രമെ ഉള്ളു എന്നുള്ള വസ്തുത പ്രത്യേകം ഓർമ്മിക്കേണ്ടതാണു്. അവരുടെ മെമ്മോറാണ്ടത്തിലെ ഡിമാൻഡുകൾ മാനേജ്മെൻറു് യാതൊരുവിധമായ ആലോചനയും പരിഗണനയുംകൂടാതെ നിരാകരിക്കുകയുണ്ടായി. അതിനെത്തുടർന്നു് ലേബർ ഡിപ്പാർട്ട്മെൻറും ചില മന്ത്രിമാരും ഇക്കാര്യത്തിൽ ഇടപെട്ടുവെങ്കിലും ഒരു ഒത്തുതീർപ്പിനുള്ള ശ്രമങ്ങൾ എല്ലാം ശൂന്യമായി തീരുകതന്നെ ചെയ്തു. അതിനോടുകൂടിതന്നെ എഫ്. എ. സി. റി. എംപ്ലോയീസ് അസോസിയേഷൻ സെക്രട്ടറിയെ എഫ്. എ. സി. റി. മാനേജ്മെൻറ് ഡിസ്മിസ്മിസ്സ് ചെയ്കയും ചെയ്തു. അങ്ങനെ തൊഴിലാളിപ്രവർത്തനങ്ങളോടും തൊഴിലാളിസംഘടനയോടും മാനേജ്മെൻറിനുള്ള വൈരാഗ്യം പ്രകടമായിതന്നെ പ്രകടിപ്പിച്ചു തുടങ്ങി. അതിന്റെ ഫലമായി അന്നു് അവിടത്തെ തൊഴിലാളികൾ ഒരു പണിമുടക്കിനു് നിർബന്ധിതരായിത്തീർന്നു. പണി മുടക്കിയപ്പോൾ കമ്പനി ലാക്കൗട്ടും നടത്തി. ഒടുവിൽ ഗവണ്മെണ്ടു് ഇടപെടുകയും ആ തൊഴിൽത്തർക്കം ഒരു ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനു് അയക്കയും അങ്ങനെ ലാക്കൌട്ടു് പിൻവലിക്കുകയും ജോലി വീണ്ടും ആരംഭിക്കുകയും ചെയ്തു. ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ മുമ്പിൽ ഈ കേസ്സു് അയച്ചതു് തൊഴിലാളികളുടെ അപേക്ഷപ്രകാരം അല്ലെന്നുള്ളതു് വ്യക്തമാക്കാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ഫാക്ടറി പൂട്ടിയിടുന്നതിനു് അവർ തയാറായപ്പോൾ തുറക്കുന്നതിനുവേണ്ടി അവരുടെ പ്രേരണയിൽ ഈ തൊഴിൽതർക്കം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനു് അയച്ചതാണെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. തൊഴിലാളിഭാഗത്തുനിന്നും ഈ വാദം കൊണ്ടുവന്നിട്ടുണ്ടായിരുന്നില്ല. ഇങ്ങനെ ഈ തൊഴിൽ തർക്കം തിരുവനന്തപുരം ഇൻ

LIBRARY ARCHIVES Kerala Legislative Assembly

[Sri. V. Gangadharan Nair]

ഡസ്ട്രിയൽ ട്രിബ്യൂണലിനു് സമർപ്പിച്ചിട്ടു് ഇന്നു സുമാർ ഏൻ മാസങ്ങൾ കഴിഞ്ഞിരിക്കുന്നു. ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ ഈ തൊഴിൽതർക്ക വിചാരണകളുടെയിടയിൽ നീണ്ട കാലാവധികളാണു് വച്ചിട്ടുള്ളതെന്നു കാണാം. കൂടാതെ ഇതു സംബന്ധിച്ചുള്ള വിചാരണ ഒരു രണ്ടുമൂന്നു ദിവസത്തിൽ കൂടുതൽ തുടർച്ചയായി ഇതുവരെ നടത്തിക്കാണുന്നുമില്ല. ഈ ട്രിബ്യൂണലിന്റെ സ്ഥിരമായ സ്ഥാനം തിരുവനന്തപുരമാണു്. അദ്ദേഹം ഞാലുവായിൽ പോയാൽ ആറു ദിവസത്തിൽ കൂടുതൽ തുടർച്ചയായി താമസിക്കാറില്ല. കൂടാതെ ഈ ആറു ദിവസത്തെ താമസത്തിനിടയിൽ, ഈ കേസ്സിനുപുറമെ മറ്റു പല കേസ്സുകളുംകൂടി വിചാരണ നടത്തുകയും ചെയ്യുന്നു. അങ്ങനെ രണ്ടുവർഷത്തോളമായിട്ടും ഈ തൊഴിൽ തർക്കം തീർത്തിട്ടില്ലെന്നുള്ള വസ്തുത നമുക്കു വിസ്മരിക്കാൻ നിവൃത്തിയില്ല. ഇതു പറയുമ്പോൾ തൊഴിലാളിഭാഗത്തുനിന്നു് ചിലപ്പോൾ കേസ്സു് അവധിമാറണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ള കാര്യം സഭയുടെ ദൃഷ്ടിയിൽനിന്നു മറച്ചുവയ്ക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. തൊഴിലാളിയുടെ ഭാഗത്തുനിന്നായാലും മുതലാളിയുടെ ഭാഗത്തുനിന്നായാലും ഈ തൊഴിൽതർക്ക വിചാരണ അവസാനിപ്പിക്കാതിരിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിൽ അതിനെ തടയേണ്ട ചുമതല കൂടി ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനു് ഉണ്ടെന്നാണു് എന്റെ അഭിപ്രായം. എതായാലും തൊഴിലാളികളുടെ അവധി മാറി കിട്ടാനുള്ള അപേക്ഷകൊണ്ടാണു് ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ ഈ കേസ്സു് ൨ വർഷമായി നീട്ടിക്കൊണ്ടുപോകുന്നതെന്നു് നിശ്ചയമായും ആക്ഷേപം പറയാൻ സാധിക്കുകയില്ലതന്നെ. ഒരു പ്രശ്നത്തിലും എറണാകുളത്തും ഇൻഡസ്ട്രിയൽ ട്രിബ്യൂണലുകൾ പുതുതായി നിയമിക്കപ്പെട്ടപ്പോൾ ഈ തൊഴിൽതർക്കംകൂടി എറണാകുളം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിലേയ്ക്കു മാറ്റുന്നതിനു് സമ്മതമാണോ എന്നു ഗവണ്മെണ്ടു് ഫാക്ടു് എംപ്ലോയിസ് അസോസിയേഷനോടു് ചോദിക്കുകയുണ്ടായി. ഏകദേശം പകുതിയോളം വിചാരണ കഴിഞ്ഞിരിക്കുന്ന ഈ തൊഴിൽതർക്കം മാറ്റുന്നതു് കാലതാമസത്തിനു് ഇടയാകുമെന്നുള്ളതുകൊണ്ടു് അങ്ങനെ മാറ്റേണ്ടതില്ലെന്നു് എഫ്. എ. സി. റ്റി. എംപ്ലോയിസ് അസോസിയേഷൻ അഭിപ്രായപ്പെടുകയുണ്ടായി. അതാണു് വാസ്തവം. അങ്ങനെ മാറ്റാതെ കേസ്സു് തിരുവനന്തപുരം ട്രിബ്യൂണലിൽതന്നെ നടന്നുവരികയായിരുന്നു. എന്നാൽ ഇപ്പോൾ ഈ ഏൻ മാസത്തെ അനുഭവത്തിനുശേഷം പല പ്രധാന കമ്പനി റിക്കാർഡുകളും കേസ്സു് സംബന്ധമായി കൊണ്ടുവരാൻ ഈ ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ അനുവദിക്കുന്നില്ലെന്നും മാനേജ്മെൻറ പ്രതിനിധികളെ ശരിയായി ക്രാസ് എക്സാമിനേഷൻ നടത്താൻപോലും അനുവദിക്കുന്നില്ലെന്നുമുള്ള ചില വസ്തുതകളും അസോസിയേഷനു് ബോദ്ധ്യപ്പെട്ടു. ഇതുയും കാലതാമസപ്പെടുത്തി മുതലാളി പക്ഷപാതിത്വവും പ്രദർശിപ്പിച്ചു ഇൻഡസ്ട്രിയൽ ട്രിബ്യൂണലിൽനിന്നും കേസ്സു് പിൻവലിക്കാൻ തൊഴിലാളികളും നിർബ്ബന്ധിതരായി തീർന്നിരിക്കുന്നുവെന്നുള്ളതാണു് യാഥാർത്ഥ്യം.

സർ, സാധാരണ കോടതിയിൽപോലും കേസുകളും മറെറാരു കോടതിയിലേക്കു മാറ്റണമെന്നും ആ കോടതിയിൽ അതു വിചാരണചെയ്യാൻ പാടില്ലാ എന്നും അപേക്ഷിച്ചാൽ കേൾക്കുന്നതായ ഒരു നിയമം കാണുന്നുണ്ടു്. കോടതികളും കേസു നടത്തുന്നതു കക്ഷികളുടെവേണ്ടിയാണെന്നു് പൊതുവേ അംഗീകരിച്ചിരിക്കേ, ഈ ഇൻഡസ്ട്രിയൽ ട്രിബ്യൂണലിൽനിന്നു് ഈ ഗവണ്മെണ്ടുതന്നെ സൃഷ്ടിച്ചതായ മറെറാരു ഇൻഡസ്ട്രിയൽ ട്രിബ്യൂണലിലേക്കു് ഈ കേസു മാറ്റണമെന്നു പറയുന്നതിൽ എതിർക്കേണ്ടതായ ആവശ്യം എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇൻഡ്യൻ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടനുസരിച്ച് അപ്രകാരം മാറ്റാൻ സാദ്ധ്യമല്ല എന്നു മന്ത്രി വാദിക്കുന്നതു കേട്ടു. എന്നാൽ നമ്മുടെ തിരുവിതാംകൂർ–കൊച്ചി ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ടനുസരിച്ച് അതു മാറ്റുന്നതിനു ഒരു വകുപ്പുണ്ട്. നമ്മുടെ ഈ ആക്ട് റദ്ദുചെയ്യാതിരിക്കുന്നിടത്തോളം കാലം ഇൻഡ്യൻ ആക്ടിനു വിരുദ്ധമല്ലാത്ത നമ്മുടെ ആക്ടിലുള്ള എല്ലാവകുപ്പുകളും സ്വീകരിക്കാവുന്നതാണു് എന്നാണു് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്.

സർ, ഈ ഫാക്ടിനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റു മുതലാളിക്കുടിയാണെന്നുള്ള വസ്തുത മന്ത്രിമാർ ഓർക്കാത്തതു വളരെ ശോചനീയമാണു്. നമുക്കു ഫാക്ടിൽ ഉള്ള ശതമാനം ഓഹരികൾ മാത്രമല്ല; ഇന്നു് എല്ലാംകൂടി ൭൫ ശതമാനം ഓഹരിക്കളോളം നമ്മുടെ വകയാണു്. അതായതു് എഫ്. എ. സി. ടി. ഈ ഗവൺമെന്റിന്റെ വകയാണു്. അങ്ങിനെ ഈ ഗവൺമെന്റു ഫാക്ടിനെ സംബന്ധിച്ചിടത്തോളം പൂർണ്ണമായ മുതലാളിയുംകൂടിയാണു്. ഈ ഗവൺമെന്റിന്റെ തൊഴിലാളിനയം മാതൃകാപരമായി പ്രകടിപ്പിക്കേണ്ടതു ഫാക്ടിലാണു്. തൊഴിലാളിപ്രസ്ഥാനത്തോടും തൊഴിലാളിപ്രവർത്തകരോടും തൊഴിലാളികളോടും തിരുവിതാംകൂർ–കൊച്ചി ഗവൺമെന്റിന്റെ നയം വ്യക്തമാക്കുവാൻ ഒരവസരം ഫാക്ടിലെ സ്ഥിതിഗതികൾ നൽകിയിട്ടുണ്ടു്. മറ്റൊരു ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനു് ഈ തൊഴിൽത്തർക്കം വിട്ടുകൊടുക്കുന്നപക്ഷം ഇന്നത്തെ ദുർഘടമായ പരിതഃസ്ഥിതിയും പണിമുടക്കും ക്ലേശമെതെ കഴിക്കുവാൻ ഗവൺമെന്റിനു നിഷ്പ്രയാസം സാധിക്കുമായിരുന്നു. എന്നാൽ അതിനു ഗവൺമെന്റു തയാറില്ല. മനഃപൂർവ്വം തൊഴിലാളികളെ പണിമുടക്കിലേക്കു തള്ളിവിടുന്നതിനും തൊഴിലാളിസംഘടനകളേയും, തൊഴിലാളിപ്രസ്ഥാനത്തേയും, തൊഴിലാളിപ്രവർത്തകരേയും, തൊഴിലാളികളേയും മർദ്ദിച്ചു് ഒതുക്കുന്നതിനുമുള്ള ഒരവസരം ഗവൺമെന്റു് ഉണ്ടാക്കിയിരിക്കുകയാണു്. രാഷ്ട്രീയപരിഗണനകളെ മുൻനിർത്തി ഇങ്ങനെയൊരവസ്ഥ ആലുവായിൽ ഗവൺമെന്റു കരുതിക്കൂട്ടി സൃഷ്ടിച്ചിരിക്കുകയാണു്.

ഏതായാലും കേസു മാറ്റാനുള്ള അപേക്ഷ ഈ ഗവൺമെന്റു നിരാകരിച്ചതിനെത്തുടർന്നു ഫാക്ടിലെ മാനേജ്മെൻറതന്നെ ഫാക്ടു് എംപ്ലോയീസ് അസോസിയേഷൻ പ്രതിനിധികളെ വിളിച്ചുവരുത്തി ഒരു ഒത്തുതീർപ്പിനുള്ള ആലോചനകൾ നടത്തുകയുണ്ടായി. സർ, ആ കൂടിയാലോചനകളുടെ ഫലമായി മാനേജ്മെൻറ പ്രതിനിധികളും അസോസിയേഷൻ പ്രതിനിധികളും തമ്മിൽ ഫാക്ടു് ബോർഡു് ആഫ് ഡയറക്ടേഴ്സിന്റേയും ഫാക്ടു് എംപ്ലോയേഴ്സു് അസോസിയേഷന്റേയും അംഗീകാരത്തിനു വിധേയമാക്കുന്നതിലേക്കു് ഒരു പരസ്പരധാരണയിലെത്തിച്ചേരുകയും ചെയ്തു. ആ കൂടിയാലോചനകളുടെ ഫലമായുണ്ടായ വ്യവസ്ഥകൾ ഇതാണു്:

(എ) എറണാകുളത്തെ ജീവിതത്തോതനുസരിച്ചു് ന്യൂ പായിൻറിൽ കുടുതലുള്ള ഓരോ പായിൻറിനും രണ്ടണ നാലു പൈസ എന്ന നിരക്കിൽ എല്ലാ തൊഴിലാളികൾക്കും ക്ഷാമബത്ത വർദ്ധിപ്പിക്കുക.

(ബി) ഏറ്റവും കുറഞ്ഞ ശമ്പളം ഒരു പുരുഷനു് ഒരു രൂപയും ഒരു സ്ത്രീക്കു് അതിന്റെ മൂന്നിൽ രണ്ടുഭാഗവും ആയിരിക്കണം.

(സി) കാൻറീൻ തൊഴിലാളികൾക്കു് ഇപ്പോൾ കൊടുത്തുവരുന്ന രണ്ടു നേരത്തെ ആഹാരമോ പന്ത്രു രൂപയോ എന്ന നിരക്കിൽ ആറു മാസംതോറും നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

[Sri V. Gangadharan Nair]

(ര) മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ തോട്ടക്കാരായ സ്ത്രീകൾക്ക് ഇപ്പോൾ കൊടുക്കുന്ന ശമ്പളത്തിനു പകരം ര്വ രൂപാ നൽകണം.

(ഭ) ഒരു തൊഴിലാളിയെപ്പോലും ൧൯൫൫ ഡിസംബർ ൩൧-ാംതു വരെ പിരിച്ചുവിടുകയില്ല. അസ്ഥിരക്കാരായ എല്ലാ തൊഴിലാളികൾക്കും പ്രോവിഡന്റ് ഫണ്ടു് ഏർപ്പാടൊഴിച്ചു് സ്ഥിരക്കാക്കു കിട്ടുന്ന എല്ലാ ആനുകൂല്യങ്ങളും കിട്ടുന്നതായിരിക്കും.

(ന) ൧൯൫൫-ലേയും, ൧൯൫൦-ലേയും ഓരോ തൊഴിലാളിയുടെ ശമ്പളത്തിന്റെ ര് ശതമാനം ബോണസ്സു് നൽകുന്നതായിരിക്കും. അതിൽ ൧൯൫൫-ലെ ബോണസ്സു് ൧൯൫൦ ഒക്ടോബറിലും ൧൯൫൦-ലെ ബോണസ്സു് ൧൯൫൧ ജനുവരി ൧൫-ാംതീയതിയും നൽകുന്നതാണു്.

(ഩ) അസോസിയേഷൻ ൧൯൫൧ ഡിസംബർ ൩൧-ാംതു വരെ സാമ്പത്തികമായി യാതൊരു വാദങ്ങളും ഉന്നയിക്കുകയില്ല.

(വ) ഈ ഒത്തുതീർപ്പു വ്യവസ്ഥകൾ ൧൯൫൦ ജൂലായി ൧-ാംതു മുതൽ നടപ്പിൽ വരുന്നതും ൧൯൫൧ ഡിസംബർവരെ നടപ്പിലിരിക്കുന്നതുമാണു്.

സർ, ഈ വ്യവസ്ഥകൾ എത്ര മിതവും ന്യായവുമാണെന്നു കാണ്മാൻ കഴിയും. ഇതാണു് ഫാക്ടറിലെ തൊഴിലാളികൾ ഏറ്റവും ഒടുവിൽ ഉന്നയിച്ച ഏറ്റവും കുറഞ്ഞ വാദങ്ങൾ. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ മെമ്മോറാണ്ടത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന അവകാശവാദങ്ങളിൽ നിന്നും വളരെ വളരെ അവർ ഒരു സന്ധിക്കുവേണ്ടി പുറകോട്ടു പോന്നിട്ടുണ്ടെന്നു കാണുവാൻ സാധിക്കും. ഈ തീരുമാനം ഇരുകക്ഷികളും അംഗീകരിക്കുന്നതാണെന്നുള്ള ധാർമ്മികമായ ധാരണയും ഉണ്ടായിരുന്നു. തൊഴിലാളികളുടെ സഹകരണമനോഭാവത്തിനും അവരുടെ സമാധാനകാംക്ഷയ്ക്കും ഈ ഒത്തുതീർപ്പു വ്യവസ്ഥകൾ മുന്നാംതരം ദൃഷ്ടാന്തമാണു്. എന്നാൽ ഈ തീരുമാനം ഫാക്ടറി ഡയറക്ടർ ബോർഡു നിരാകരിച്ചു. കമ്പനി നടത്തുന്നതിനു മുമതലപ്പെട്ട അധികാരം ഉണ്ടാക്കിയ തീരുമാനം നിരാകരിക്കുവാൻ ഗവൺമെന്റു പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഈ ഡയറക്ടർ ബോർഡു തയാറായതു രാജ്യനന്മയേയോ ലക്ഷ്യാല്ലാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രേരണയേയോ മുൻനിർത്തിയല്ലെന്നു വ്യക്തമാണു്.

തൊഴിലാളി സംഘടനകളേയും തൊഴിലാളിപ്രവർത്തകരേയും തൊഴിലാളിപ്രസ്ഥാനത്തേയും അടിച്ചമർത്തി ക്ഷീണിപ്പിക്കേണ്ടതു പൊതുതെരഞ്ഞെടുപ്പു് അടുത്തുവരുന്ന ഈ സന്ദർഭത്തിൽ അധികാരത്തിലിരിക്കുന്ന കോൺഗ്രസ്സു് കക്ഷിയുടെ സമുന്നതമായ ഒരു താല്പര്യമാണു്. ഈ രാഷ്ട്രീയപരിഗണനകളാണു് ഗവൺമെന്റു ഫാക്ടറി തൊഴിലാളികളെ ശ്വാസം മുട്ടിക്കുന്ന ഒരു പരിതഃസ്ഥിതിയിൽ കൊണ്ടുചെന്നു ചാടിച്ചിരിക്കുന്നതു്. ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ മാറ്റുന്നതല്ലെന്നു ഗവൺമെന്റു തീരുമാനിച്ചപ്പോൾ ഈ തൊഴിൽത്തർക്കത്തെപ്പറ്റിയുള്ള റഫറൻസു റദ്ദുചെയ്യുവാൻ അസോസിയേഷൻ ഗവൺമെന്റിനോടു് അപേക്ഷിക്കയുണ്ടായി. അതിനിതേവരെ മറുപടി ലഭിച്ചിട്ടില്ല. അസോസിയേഷനെ സംബന്ധിച്ചിടത്തോളം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ മുമ്പിൽ ഇതൊരു തൊഴിൽ തർക്കമില്ല. അതുകൊണ്ടു് ഇപ്പോഴത്തെ പണിമുടക്കു തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ധാർമ്മികമായ പശ്ചാത്തലത്തിൽ നിന്നു നോക്കുമ്പോൾ നിയമവിരോധമല്ല.

കളക്ടീവു് ബാർഗെയിനിംഗിനും പണിമുടക്കിനുമുള്ള അവകാശം ഇൻഡ്യൻ ഭരണഘടനയിൽത്തന്നെ ഉറപ്പുനൽകിയിരിക്കുന്ന സ്ഥിതിക്കു് ഫാക്ടറി

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളുടെ പണിമുടക്ക നിയമവിരുദ്ധമായി പ്രഖ്യാപിച്ചിരിക്കുന്നതും തൊഴിലാളിനേതാക്കന്മാരേയും പ്രവർത്തകരേയും അറസ്റ്റുചെയ്തിരിക്കുന്നതും തുലുവായിൽ പൊതുയോഗങ്ങളും ഘോഷയാത്രകളും മറ്റും നിരോധിച്ചിരിക്കുന്നതും അവിടെ പോലീസ് രാജ് അഴിച്ചുവിട്ടിരിക്കുന്നതും ഗവൺമെണ്ടിന്റെ നിയമവിരുദ്ധമായ മർദ്ദനപ്രവർത്തനങ്ങളാണെന്നാണ് എന്റെ അഭിപ്രായം. സാങ്കേതികവാദങ്ങളുടേയും നിയമപ്രശ്നങ്ങളുടേയും മറവിൽ നിന്നുകൊണ്ടു തൊഴിലാളികളെ മർദ്ദിക്കാനൊരുങ്ങാതെ അവരുടെ ന്യായമായ അവകാശങ്ങൾ അംഗീകരിക്കാനും അവ മറ്റുള്ളവരെക്കൊണ്ടു് അംഗീകരിപ്പിക്കാനും ഗവൺമെണ്ടു തയാറാകേണ്ടതാണ്.

ശ്രീ. എം. ഐ. പാൽ: സർ, സ്പീച്ച് എഴുതി വായിക്കുന്നതു ശരിയാണോ?

മി. സ്പീക്കർ: അല്ല.

ശ്രീ. വി. ഗംഗാധരൻ നായർ: ഭക്ഷ്യോല്പാദനം തടസ്സപ്പെട്ടാലും തൊഴിലാളികളെ മർദ്ദിക്കാനുള്ള അവസരം കളയരുതെന്നുള്ള ഗവൺമെണ്ടിന്റെ മനോഭാവം ആക്ഷേപാർഹമാണ്. ഈ പ്രശ്നത്തെപ്പറ്റി ഇതിനുമുമ്പൊരവസരത്തിൽ ഈ നിയമസഭയിൽ ബഹു. മന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനവർകൾ പ്രതിപാദിച്ചപ്പോൾ അദ്ദേഹം ഉറച്ച സ്വരത്തിൽ മുഴക്കിയ ഭീഷണികൾ ഞാൻ മറന്നിട്ടില്ല. അദ്ദേഹം പ്രതിനിധാനംചെയ്യുന്ന ഗവൺമെണ്ടിന്റെ മർദ്ദനാസക്തിയും രക്തദാഹവും ആ പ്രസംഗത്തിൽ തെളിഞ്ഞു കാണാമായിരുന്നു. അദ്ദേഹത്തെ വിനയപൂർവ്വം അറിയിക്കുവാനുള്ളതിതാണ്. ഭീഷണികളെ ഭയപ്പെടുന്ന ഒരു വർഗ്ഗമല്ല തൊഴിലാളികൾ. നിയമവിരുദ്ധമെന്നും, ജയിലെന്നും, പോലീസെന്നും, ലാത്തിയെന്നും, തോക്കെന്നും കേൾക്കുമ്പോൾ മോഹാലസ്യപ്പെടുന്നവർ ഇവിടെയില്ല.

സർ, ഗാന്ധിശിഷ്യന്മാരെന്നഭിമാനിക്കുന്ന മന്ത്രിമാരോടും അവരുടെ പിന്നിലുള്ള കോൺഗ്രസ്സുകാരോടും എനിക്കു പറയാനുള്ളതിതാണ്. നിയമവും സന്മാർഗ്ഗവും തമ്മിൽ സംഘട്ടനത്തിൽ വന്നാൽ തൊഴിലാളികൾ മുതലാളിത്ത നിയമത്തെ അവഗണിക്കുകയും സന്മാർഗ്ഗത്തെ സ്വീകരിക്കയും ചെയ്യുന്നതാണ്. നിയമവാദങ്ങളും സാങ്കേതികപ്രശ്നങ്ങളും തൊഴിലാളികളുടെ ആത്മാഭിമാനത്തിന്റേയും വിശപ്പിന്റേയും മുമ്പിൽ അർത്ഥശൂന്യങ്ങളാണെന്നു ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

സർ, ഈ F.A.C.T. കമ്പനി നടത്തിപ്പിനു മുമ്പായി ചുമതലപ്പെട്ട ബോർഡ് ഓഫ് ഡയറക്ടേഴ്സിനെക്കൊണ്ടു വളരെ മിതമായ ഞാൻ നേരത്തേ പ്രസ്താവിച്ച ഒത്തുതീർപ്പു വ്യവസ്ഥകൾ സ്വീകരിപ്പിക്കുവാൻ ഈ ഗവൺമെണ്ടു തയാറുണ്ടെങ്കിൽ, ആ അടിസ്ഥാനത്തിൽ തൊഴിലാളികൾ ഒത്തുതീർപ്പു വ്യവസ്ഥകൾ സ്വീകരിപ്പിച്ചുകൊള്ളുമെന്നും, അങ്ങനെ അടുത്ത ഒരു മണിക്കൂറിനകം ഈ സ്റ്റൈക്ക് അവസാനിപ്പിക്കുവാൻ കഴിയുമെന്നും പ്രസ്താവിച്ചുകൊണ്ട് ഈ അടിയന്തരപ്രമേയം ഞാൻ സഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

Sri. N. Daniel Jose: Sir, it has been conceded on all hands that the F.A.C.T. is a very important industry connected as it is connected with food production in the State. This has been stressed time and again by the Government and by every honourable member of this Honse. But, Sir, as has been already pointed out in a complete fashion by my friend who moved the adjournment motion, this dispute has been existing in that factory since 24th November 1948. Sir' this dispute has been holding on for two years now. Government is the major partner holding 51% of the shares.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The points raised by the previous speaker need not be repeated.

Sri. N. Daniel. Jose: I am not repeating; I am driving at another point. I was mentioning them only incidentally. Even though the Government happen to be the major partner in the factory, this Government has not been able to settle that dispute for the past two years.

I would describe the conduct of the Government in this respect as a gross dereliction of duty brought about by a false sense of prestige and a desire to crush the onward march of the workers in the State. Sir, in that factory after the dispute began no less a person than the Chief Minister intervened. There was a lock-out, there was the dismissal of the Secretary, and later on the Government referred the matter to a tribunal under section 10 of the Tribunals Act. It was a compulsory reference for adjudication by the Government. As has been already pointed out in this House the tribunal met after a long interval. No doubt, the Union people put in applications for adjournment but actually this dispute has been pending with this Industrial Tribunal for the past 18 months during which period only 5 meetings of the tribunal were held. Even then the workers felt that their cause was all right with this tribunal. Then, later on the representatives of the Trade Union and the workers felt rightly or wrongly that this tribunal was getting more into the hands of the employers. For instance, they came to understand that the members of this tribunal were staying in houses let out to them by the Company. They also found that the representatives of the employers were making frequent visits to the members of the tribunal. It is quite possible, Sir, that the tribunal was impartial, but the labourers had sufficient cause and sufficient reason to be convinced that here was a case where a tribunal could be corrupt. More than that, Sir, at the cross-examination of witnesses the tribunal did not allow many salient questions to be put to elicit facts since that would affect the interests of the owners.

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):** May I make asubmission, Sir; in the nature of a point of order that this matter of trade dispute in the FACT is pending before a tribunal and it is a proceedings of a judicial nature. I would request the Hon'ble Chair to consider whether it would be legitimate criticism on the floor toraise aspersions on the conduct of the judge who is trying a case.

Mr. Speaker: With regard to the point of order that the hon'ble member has just now raised I would state that any reference in detail to the proceedings of the tribunal will not be allowed.

Sri. N. Daniel Jose: I was referring to these things only to point out that there was sufficient cause for the labour to feel that their cause was not safe under that particular tribunal. Therefore, they applied that they should get a transfer to some other tribunal. No doubt, Sir, earlier when the Government referred this to the tribunal at Alleppey the employees agreed because they believed in all good faith that their case was all right and they said that they were satisfied with the tribunal. It was later on that they came to understand with reason that what they thought was not right and so they moved the Government for a transfer to the Ernakulam tribunal. If the tribunal were constituted under the natural powers conferred on them by ordinary law they would have applied to the High Court for transfer to some other court. Now as the tribunal is constituted by the Government the only recourse is to apply to Government for a transfer. Government in this case happens to be the final and ultimate authority and also the employer. As was pointed out by my friend, when the proceedings were conducted by the tribunal the labourers thought that they could arrive at a compromise and they met the representatives of the managing agents of the Company. As the result of this meeting they came to a certain understanding. When this was referred to the Directors Board of which

LIBRARY ARCHIVES Kerala Legislative Assembly

the Government commanded a majority the Board did not take a helpful attitude. The Chief Secretary to Government and another Secretary to Government, Mr. Velayudhan were representatives of the Board. I am told that they did not take a helpful attitude. Thus the Directors' Board threw out the agreement which the employees had entered into with the managing agents. Then, since the Government had refused to transfer the csse and also since the Directors' Board has thrown out the agreement entered into with the managing agents, there was absolutely no other go than to resort to a strike action. They felt their grievance could not be redressed by any other way open to them. They issued a strike notice and even then, the doors for a settlement were not closed. In fact, the employees wanted a settlement but Government did not come forward with any help, instead they had recourse to section 142. They arrested the Trade Union leaders. This is a Union sponsored by the Socialist Party. Mr. Manakkalath who was at Madras to see Sri. Jayaprakash Narain, was arrested under the provisions of the Public Safety Act, at a tea-shop while taking tea. This Labour Union with a membership of 2,500 workers was brought under section 142 of the Penal Code for these workers trying to get what is their due. Sir, it has already been pointed out that the Government could have transferred this case had it wanted to do so. There are provisions in the existing Act for that. They did not do that. Sir, that was the situation in which the employees in the Fertilisers and Chemicals found themselves. Since they were concerned they had to seek a remedy and so they resorted to strike action. They declared a strike, came out of the factory—almost all the employees with the exception of 50 officers in a factory of 2,500 hands. Today, it is heard six more men have come out and one Superintendent has resigned. This shows the employees are completely under this Trade Union. I have already mentioned the relationship of this organisation with the Socialist Party. When the Government arrested Manakalath I pointed out to Government that he is one of our chief organising hands. So this arrest is not only a challenge to the Trade Union, but to the Indian Socialist Party representing the most dynamic economic ideaology in this country.

There are other funny things going on in this factory. Appointments are made on the basis of favouritism. The managing agency had obtained as commission a good profit. The basic salary of an employee is only Rs. 20, whereas in every other factory, in Ernakulam or outside, an employee gets a basic salary of Rs. 40. That is the case in the Tata Oil Mills Company and in other factories in and around Alwaye. Sir, I pointed out that in the factory itself, many appointments are on the basis of favouritism. The factory should be managed in such a manner as to yield more profits and enable the employee to get a greater share of the bonus so that they could keep their body and soul together. Sir to cite an example, the Chief Chemical Engineer of that factory is a mere Master of Arts without any other technical qualifications. The Labour Officer is one who was drawing Rs. 75 under Government and he now gets a salary of Rs. 300. I ask, Sir, what had this Labour Officer to tell when this strike situation came up. Another important officer connected with the technical section is a mere graduate. I am citing this to show how things are going on in that factory, and how it is being mis-managed. Because of that all the workers are not getting their due share. Sir, these are in brief the facts that I could lay before this House for its impartial view of the situation. While listening to the Hon'ble Minister the other day, I felt that the workers were having a weak case. It was after going through the file regarding the facts connected with the organisation and running of this factory that I came to the definite conclusion that even on the factual side the workers have a strong case before this House or the tribunal. The Hon'ble Minister the other day pointed out with all the eloquence at his command that the Industrial Tribunal Act has now provided all safety to the

LIBRARY ARCHIVES Kerala Legislative Assembly

[Sri. N. Daniel Jose]

workers through Trade Unions. But, Sir, I may say that all this Bar Council niceties of law are not going to further the interests of the revolutionary working class in this country or in the world. Sir, it is not the law that the workers want. It is justice. Now when the workers ask for bread they are given stone. When the workers ask for a living wage the Hon'ble Minister flings on their faces sheets of paper containg points of law. Sir, it was through a law passed in this Assembly the workers' interests are said to be safeguarded: And, in the manner in which the Government is constituted today, whatever bill they bring in is sure to be passed. The party that runs the Government is in a majority and no Select Committee can do much. Sir, even if it be accepted that the law should be conformed to in all aspects the Government could have done something to the workers under that law if they had not stood on a question of prestige, if the Government had not wanted to see the demands of the workers crushed. Sir, I have pointed out earlier that the doors for a settlement are not yet closed. If the Government feel that the workers should be given justice instead of law, if Government feel that the workers are entitled to a living wage, I suggest humbly to the Government to discard questions of prestige and niceties of law and restart negotiations with the workers through that party which represents a new idealogy and which would like to have friendly relations with the Government that is in power today. I trust Sir, that this adjournment motion will not end in discussion but the Hon'ble Minister would earnestly see that a settlement comes out of the discussion in this Assembly today.

ശ്രീ. കെ. കണ്ണൻ. ആലുവായിലെ പണിമുടക്കിനു ഇടയാക്കിയ കാര്യങ്ങളെയും കാരണങ്ങളെയും ഇവിടെ പ്രമേയം അവതരിപ്പിച്ചുകൊണ്ടു ചെയ്ത സുദീർഘപ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുള്ളതുകൊണ്ടു അതിലേക്കു വീണ്ടും തിരിഞ്ഞു നോക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. മിനിഞ്ഞാന്നു് ഗവൺമെണ്ടു ഇൗ പണിമുടക്കിനെ അഭിമുഖീകരിക്കുന്നതിനുവേണ്ടി പുറപ്പെടുവിച്ചിട്ടുള്ള ഒരു പ്രസ്സ് നോട്ടിൽ അവിടത്തെ തൊഴിലാളി അസോസിയേഷന്റെ പേരിലാണു് അങ്ങേ അറ്റത്തെ കുറ്റം ആരോപിക്കപ്പെട്ടിട്ടുള്ളതു്. ആ പ്രസ്സ് നോട്ടിൽ ഒരു ഭാഗത്തു് ഇങ്ങിനെ പറയുന്നു. അസോസിയേഷനു് സൽബുദ്ധിയും സഹകരണമനസ്ഥിതിയും ഉണ്ടാകുമെങ്കിൽ, രണ്ടു ദിവസത്തിനകം ട്രിബ്യൂണലിനു് അഡ്ജൂഡിക്കേഷൻ അവസാനിപ്പിക്കുവാൻ സാധിക്കും! ഇൗ പ്രസ്താവനയുടെ വെളിച്ചത്തിൽ നോക്കുമ്പോൾ തൊഴിലാളികൾ മനഃപൂർവ്വം പണി മുടക്കുവാൻ തീരുമാനിച്ചുവെന്നും ഗവൺമെണ്ടും മുതലാളിമാരും തൊഴിലാളി യൂണിയനും തമ്മിൽ ഒരു ഒത്തുതീർപ്പുണ്ടാക്കുവാൻവേണ്ടി അങ്ങേയറ്റത്തെ ശ്രമം ചെയ്തിട്ടും ഫലം ഉണ്ടായില്ലെന്നും ഞങ്ങൾ മനസ്സിലാക്കുവാൻ ഗവൺമെണ്ടു ശ്രമിക്കുന്നതു്. എന്നാൽ യഥാർത്ഥം അങ്ങിനെയല്ല. ആ വസ്തുത പ്രമേയം അവതരിപ്പിച്ചുകൊണ്ടുചെയ്ത പ്രസംഗത്തിൽനിന്നുതന്നെ വ്യക്തമാണു്. അതു ഗവൺമെണ്ടിനും അറിയാം, മറ്റുള്ളവർക്കും അറിയാം. എങ്കിലും ഇന്നു തൊഴിലാളികളുടെ പേരിൽ സാധാരണ കുറ്റം ആരോപിക്കുകയെന്നുള്ളതു്, തൊഴിലാളികളുടെ അവകാശങ്ങളെ നിഷേധിക്കുകയും അവരുടെ ന്യായമായ വാദങ്ങളെ അടിച്ചമർത്തുകയും ചെയ്യുക എന്ന നയം സ്വീകരിച്ചിട്ടുള്ള ഇന്നത്തെ ഗവൺമെണ്ടിനു നിർഭാഗ്യകരമായ ഒരു കടമയായിട്ടുണ്ടു്.

യാഥാർത്ഥ്യങ്ങൾവെച്ചുനോക്കുമ്പോൾ ഇന്നു ആലുവായിലെ തൊഴിലാളികളുടെ പണിമുടക്കു തികച്ചും ന്യായവും നിയമവിധേയവും ആണെന്നു ഉന്നിപ്പറയുവാൻ ഞാനാഗ്രഹിക്കുന്നു. വ്യാവസായിക തർക്കങ്ങൾ അഡ്ജൂഡിക്കേഷനിൽ ഇരിക്കുമ്പോൾതന്നെ ഒത്തുതീർപ്പിനുള്ള സാദ്ധ്യതയുണ്ടെന്നും അതിനുള്ള നി

LIBRARY ARCHIVES Kerala Legislative Assembly

യമം ഉണ്ടെന്നും ഇരിക്കെ, മാനേജ്മെൻറിൻെറ താല്പര്യം അനുസരിച്ചു തൊഴിലാളിയൂണിയനും മാനേജ്മെൻറും തമ്മിൽ ചെയ്തിട്ടുള്ള ഒത്തുതീർപ്പു വ്യവസ്ഥകൾ നിയമവിരുദ്ധമാണെന്നു ഈ കമ്പനിയുടെ ഡയറക്ടേഴ്സ് ബോർഡ് എന്തുകൊണ്ട് വിധിച്ചു എന്നും, അങ്ങനെ വിധിച്ചതിൻെറ അർത്ഥം എന്താണെന്നും ഞങ്ങൾക്കു മനസ്സിലാക്കുവാൻ കഴിയുകയില്ല. ഇതിൽനിന്നു എന്തു നിയമമുണ്ടായാലും ശരി, ഏതെല്ലാം വ്യവസ്ഥകൾ ഉണ്ടായാലും ശരി തൊഴിലാളികളുടെ താല്പര്യങ്ങളെ വകവെച്ചുകൊടുക്കുവാൻ ഗവൺമെണ്ടു തയ്യാറല്ലെന്നുള്ളതാണു മനസ്സിലാക്കേണ്ടിയിരിക്കുന്നതു്.

ഇൻഡ്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പോലും, തൊഴിൽത്തർക്കം അഡ്ജൂഡിക്കേഷനിൽ ഇരിക്കുമ്പോൾ ഒത്തുതീർപ്പുകൾ സ്വാഗതാർഹമാണെന്നു പ്രസ്താവിക്കുകയുണ്ടായി. വാസ്തവത്തിൽ ആ പ്രസ്താവനയെ നിഷേധിക്കുകയല്ലേ ഗവൺമെണ്ടിൻേറയും മുതലാളിമാരുടേയും ഈ പണിമുടക്കിനോടു അനുവർത്തിച്ചുവരുന്ന നയങ്ങൾവെച്ചു നോക്കുമ്പോൾ ചെയ്തിട്ടുള്ളതെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. ഈ നാട്ടിൽ ക്രമസമാധാനങ്ങൾ പാലിക്കുവാൻ ഗവൺമെണ്ടു് തയ്യാറില്ല എന്നാണു് ഈദൃശസംഭവങ്ങൾ വെളിവാക്കുന്നതു്. ഗവൺമെണ്ടു് നിയമവും ക്രമസമാധാനങ്ങളും പാലിക്കുവാൻ തയ്യാറില്ലെങ്കിൽ അതു പാലിക്കുവാൻ ജനങ്ങൾ തയ്യാറാകും, തൊഴിലാളികൾ തയ്യാറാകും എന്നു അവരെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു. അതിനുവേണ്ടിയാണു് തൊഴിലാളി അവൻെറ ജീവിതാവകാശം പിടിച്ചുപറ്റുവാൻ വേണ്ടിയാണു അവൻ ഉണർന്നു തുലുവായിൽ സമരം നടത്തുന്നതു്. നിയമവിധേയമായ ആ സമരത്തെ അടിച്ചമർത്തുവാൻ ഗവൺമെണ്ടിനു സാദ്ധ്യമല്ലെന്നു വീണ്ടും പ്രസ്താവിക്കുവാൻ ഞാനാഗ്രഹിക്കുന്നു; ഗവൺമെണ്ടിപ്പോൾ അനുവർത്തിച്ചുവരുന്ന നയംതന്നെ ഈ രാജ്യത്തു കൂടുതൽ കഴപ്പുണ്ടാക്കുന്നതെങ്കിൽ അതിനുള്ള ഉത്തരവാദിത്വം ഗവൺമെണ്ടിനും ഗവൺമെണ്ടുകൂടി പ്രതിനിധീകരിക്കുന്ന ഡയറക്ടർ ബോർഡിനും ആണെന്നു ഊന്നിപ്പറയുവാൻ ഞാനാഗ്രഹിക്കുന്നു. അതുകൊണ്ടു ഈ പ്രശ്നത്തെ അവഗണിക്കുവാൻ ഗവൺമെണ്ടിനു സാദ്ധ്യമല്ല. ഈ കാര്യത്തിൽ ഉടനടി ഇടപെട്ടു സമാധാനം പാലിക്കണമെന്നാണു് ജനങ്ങളുടെ ഏകകണ്ഠമായ സ്വരത്തെ മുറുകെ പിടിച്ചുകൊണ്ടു എനിക്കു് ഗവൺമെണ്ടിനോടാവശ്യപ്പെടാനുള്ളതു്.

ശ്രീ. കെ. കളത്തിൽ വേലായുധൻനായർ: സർ, ശ്രീ. ഗംഗാധരൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഈസംഗതി ഇതിനു മുമ്പു ഈ സഭയിൽ ചർച്ചയ്ക്കുവന്ന അവസരത്തിൽ ബഹുമാനപ്പെട്ടതൊഴിൽമന്ത്രിതന്നെ പ്രസ്താവന ചെയ്ത പ്രസംഗംതന്നെയാണു നോക്കുന്നതു. അതിൽനിന്നും ഇതു സംബന്ധിച്ചു ഗവൺമെണ്ടു് എടുത്തിട്ടുള്ള നിലപാടു എന്താണെന്നു മനസ്സിലാക്കുവാൻ കഴിയും. ഒരു സംഗതി പ്രത്യേകമായി ഗവൺമെണ്ടിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാനാഗ്രഹിക്കുന്നു. അന്നു് തൊഴിൽകാര്യമന്ത്രി ചെയ്ത പ്രസംഗത്തിൽ ഗവൺമെണ്ടു് കൈക്കൊണ്ടതായി ഞാൻ മനസ്സിലാക്കിയ നിലപാടു, ഫെർട്ടിലൈസേഴ്സ് കമ്പനിയുടെ മാനേജ്മെണ്ടും അവിടത്തെ തൊഴിലാളികളും തമ്മിൽ ഉണ്ടായ ഒരു തർക്കത്തിൽ കേവലം ഒരു മദ്ധ്യവർത്തിയെന്നുള്ള നിലയാണു്. ആ നിലയാണു് ഗവൺമെണ്ടു അനുവർത്തിച്ചതു എന്നാണു് എനിക്കു തോന്നുന്നതു്. ഇങ്ങിനെ ഒരു തൊഴിൽത്തർക്കം നിയമം അനുവദിക്കുന്നില്ല. ഇതു നിയമവിരുദ്ധമാണു്. ഇപ്പോൾ കേസ് മാറ്റുവാൻ നിയമമില്ല എന്നാണു് തൊഴിൽമന്ത്രി പറഞ്ഞതു്. സർ, തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Kalathil Velayudhan Nair]

മന്ത്രി കൊണ്ടുവന്ന ആ ന്യായം വാദത്തിനുവേണ്ടി ഞാനും സമ്മതിക്കുന്നു. അ ദ്ദേഹത്തിന്റെ കേസ് വാദിച്ചുകഴിഞ്ഞു. ഇപ്പോഴത്തെ പണിമുടക്ക് നിയമ വിരുദ്ധമാണെന്നു വാദത്തിനുവേണ്ടി ഞാൻ സമ്മതിക്കുകയും ചെയ്യാം, എ ന്നാൽ, ഗവമ്മെണ്ടിന്റെ ഇക്കാര്യത്തിലുള്ള നില കേവലം ഒരു മദ്ധ്യവർത്തിയുടെ നിലയാണോ? അല്ലെന്നാണ എനിക്കു പറയുവാനുള്ളതു്. ഈ ഫാക്ടറിയെ സംബന്ധിച്ചിടത്തോളം ഗവമ്മെണ്ടു് അതിന്റെ ഉടമസ്ഥൻകൂടിയാണു്. ഫാ ക്ടറി നശിച്ചുപോകുന്നു, അല്ലെങ്കിൽ തൊഴിലാളികളുടെ കഴപ്പുംകൊണ്ടു പൂട്ടി യിട്ടു് ഗവമ്മെണ്ടു് മുടക്കിയ മുതൽ മുഴവൻ നശിച്ചുപോകുന്നു എന്നു വിചാരിക്കു ക. അപ്പോൾ നിയമവിരുദ്ധമായി തൊഴിലാളികൾ പണിമുടക്കി, അതുകൊ ണ്ടു നഷ്ടം വന്നുപോയതാണെന്നു തൊഴിൽമന്ത്രി പറഞ്ഞാൽ മതിയൊ? ആ സ മാധാനം ജനങ്ങൾ വകവെച്ചുകൊടുക്കുമോ? കൊടുക്കണമോ? എന്നാണു് എ നിക്കു ചോദിക്കുവാനുള്ളതു്. അതുകൊണ്ടു് ഗവമ്മെണ്ടു് യാഥാർത്ഥ്യത്തെ അ ഭിമുഖീകരിക്കുവാനാണു നോക്കേണ്ടതു്.

ഇന്നു് ഫാക്ടറിയിൽ പണിമുടക്കു നടക്കുന്നു, തൻമൂലം ഉൽപാ ദനം ഒന്നും നടക്കുന്നില്ലെന്നുള്ളതു പരമാർത്ഥമാണു്. അപ്പോൾ ഫാക്ട റി ശരിയായ വിധത്തിൽ നടത്തിക്കൊണ്ടു പോകുന്നതിനും ഒരൊറ്റ ദിവ സംപോലും അടച്ചിടാത്ത വിധത്തിൽ അതു പ്രവർത്തിച്ചുകൊണ്ടുപോകുന്നതിനു മുള്ള ഒരു ബാദ്ധ്യത ഗവമ്മെണ്ടിനുണ്ടു്. അതുപോലെതന്നെ ഫാക്ടറിയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ ഈ രാജ്യത്തെ ഒരു ജനവിഭാഗമാണു്. അ വരുടെ സുഖസൌകര്യങ്ങൾകൂടി നോക്കേണ്ട കടമയും ഗവമ്മെണ്ടിനുണ്ടു്. അ വർക്കു തൊഴിലുണ്ടാക്കി കൊടുക്കേണ്ട ബാദ്ധ്യതയും ചുമതലയുംകൂടി ഗവമ്മെ ണ്ടിനുണ്ടു്. ഇവയ്ക്കെല്ലാം കാര്യങ്ങൾകൂടി ഗവമ്മെണ്ടു് നോക്കണം. അല്ലാതെ തെ റ്റു ആരിലാണുള്ളതു എന്നു മാത്രം നോക്കിയാൽ പോരാ. തെറ്റു ആരുചെയ്താ ലും ശരി, അതിനു ഉടനെ പരിഹാരമുണ്ടാക്കി എത്രയും വേഗത്തിൽ ഫാക്ടറി തുറക്കുവാനും തൊഴിൽരഹിതരായി നില്ക്കുന്ന തൊഴിലാളികളെ തിരിച്ചു വിളി ച്ചു തൊഴിൽ ചെയ്യിക്കുവാനും പറ്റിയപ്പുമാകുന്ന ഒരു പരിതസ്ഥിതി ഗവമ്മെണ്ടു സൃഷ്ടിക്കണം; അതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കണം. അതാണു വേണ്ടതു. എന്നാൽ അക്കാര്യത്തിൽ വളരെ അനാസ്ഥയാണു ഗവമ്മെണ്ടു് കാണിക്കുന്നതു് സർ, ഇതിനൊരു പരിഹാരമുണ്ടാക്കുവാൻ ഒരിഞ്ചുപോലും ഗവമ്മെണ്ടു് അ നങ്ങിയിട്ടുള്ളതായി കാണുന്നില്ല. ഒരു നിയമവിരുദ്ധമായ പ്രവർത്തിയാണു് തൊഴിലാളികൾ ചെയ്തിരിക്കുന്നതെന്നു ഗവമ്മെണ്ടു പറഞ്ഞു. അവരുടെ സം രംഭത്തെ പരാജയപ്പെടുത്തുവാൻ ഗവമ്മെണ്ടു ശ്രമിക്കുന്നു. അവസാനം ഒരു പ ക്ഷെ ഗവമ്മെണ്ടു ജയിക്കുമായിരിക്കാം. പക്ഷെ, ആ ജയം എങ്ങിനെയുള്ളതാ ണു്. പണ്ടൊരു ഡാക്ടർ "ആപ്പറേഷൻ" വിജയകരമായി, പക്ഷെ രോഗി മരി ച്ചുപോയി" എന്നു പറഞ്ഞതുപോലെയുള്ള വിജയമായിരിക്കും. സർ, അങ്ങി നെയുള്ള വിജയം കൈവരിക്കുവാൻ ഗവമ്മെണ്ടു ആഗ്രഹിക്കരുതു്. ഇതു നിയ മവിരുദ്ധമാണെന്നും തൊഴിലാളികൾ തെറ്റുചെയ്തു എന്നും സ്ഥാപിച്ചു് സമാ ധാനം ഉണ്ടാക്കിയാൽ പോരാ.

ഫാക്ടറിയിൽ ഇന്നു നഷ്ടം ഉണ്ടായിരിക്കുന്നു. ഒരൊറ്റ ദിവസംപോലും ഫാക്ടറി അടച്ചിടാതെ നോക്കേണ്ടതാണു്. അതിനെപ്പറ്റി ഗവമ്മെണ്ടു് ആ ലോചിച്ചുവോ? അതിനുവേണ്ടി ഗവമ്മെണ്ടു എന്തുചെയ്തു? യാതൊന്നും ചെ യ്തിട്ടില്ല. ഈ ഫാക്ടറിയിലെ മാനേജ്മെണ്ടും അവിടത്തെ തൊഴിലാളികളുടെ

LIBRARY ARCHIVES Kerala Legislative Assembly

മേലാക്കന്മാരും ചേർന്ന് ഒരു ഒത്തുതീർപ്പുണ്ടാക്കി എന്നു ഒരു മാന്യ സ്നേഹിതൻ ഇവിടെ പ്രസ്താവിച്ചു. അതു നിഷേധിക്കാവുന്ന ഒരു വസ്തുതയല്ല. എന്നാൽ ആ ഒത്തുതീർപ്പു ഫാക്ടറിയിലെ ഡയറക്ടർബോർഡു് തള്ളിക്കളഞ്ഞു. എന്റെ സ്നേഹിതൻ വായിച്ച ആ ഒത്തുതീർപ്പു കേവലം ന്യായമായ ഒരു ഒത്തുതീർപ്പാണെന്നു കാണുവാൻ ആർക്കും സാധിക്കും. ആ ഒത്തുതീർപ്പിലെ വ്യവസ്ഥകളെ ഡയറക്ടർബോർഡ് തള്ളിക്കളഞ്ഞതിൽ ഗവൺമെണ്ടിനു യാതൊരു ചുമതലയുമില്ലെന്നു ഭാവിക്കുന്നതു ശരിയല്ല. ഈ ഫാക്ടറിയിൽ വളരെ അധികം പണം മുടക്കിയിട്ടുള്ള ഗവൺമെണ്ടു് ഒത്തുതീർപ്പു് ഏറ്റവും ന്യായമാണെന്നു കണ്ടാൽ അതു നടപ്പിൽ വരുത്തുവാൻ ശ്രമിക്കുകയാണു വേണ്ടതു. അതിനുള്ള ചുമതലകൂടി ഗവൺമെണ്ടിനുണ്ടു്. എന്നാൽ ഗവൺമെണ്ടു് എന്തുചെയ്തു? തൊഴിലാളിമന്ത്രി കഴിഞ്ഞ ദിവസം ഇവിടെ പ്രസ്താവിച്ചപ്പോൾ ഈ സംഗതിയെപ്പറ്റി പറഞ്ഞില്ല. ഒത്തുതീർപ്പുണ്ടായോ, ഉണ്ടായെങ്കിൽ ഗവൺമെണ്ടിന്റെ നില എന്തായിരുന്നു? എന്നുള്ളതിനെപ്പറ്റി ഒന്നും തൊഴിൽകാര്യമന്ത്രി പറഞ്ഞതില്ല. ഈ ഒത്തുതീർപ്പു ന്യായമായ ഒരു ഒത്തുതീർപ്പാണെന്നു ഗവൺമെണ്ടിനു ബോദ്ധ്യമുണ്ടെങ്കിൽ അതു മാനേജ്മെണ്ടിനെക്കൊണ്ടു സമ്മതിപ്പിക്കാനുള്ള ചുമതല ഗവൺമെണ്ടിനുണ്ടു്. അഥവാ, ന്യായമായ ഒരു ഒത്തുതീർപ്പല്ല ഇതെങ്കിൽ ഏതാണു് ന്യായമായ ഒത്തുതീർപ്പെന്നു കണ്ടുപിടിച്ചു തൊഴിലാളികളെക്കൊണ്ടു അതു സമ്മതിപ്പിക്കേണ്ട കർത്തവ്യവും ഗവൺമെണ്ടിനുണ്ടു്. ഇതേപ്പറ്റി ഗവൺമെണ്ടു് ഒന്നും തന്നെ ചെയ്തിട്ടില്ല. ഇതേപ്പറ്റി ഗവൺമെണ്ടു് അനുവർത്തിക്കുന്ന നയം ഒട്ടും ശരിയല്ല.

സർ, ഞാൻ ഒരു സംഗതികൂടി ഈ സഭയിൽ പറഞ്ഞുകൊള്ളട്ടെ. തിരുവിതാംകൂർ അസംബ്ലി നിലവിലിരുന്നകാലത്തും അതിനുശേഷം തിരുവിതാംകൂർ–കൊച്ചി ആരംഭിച്ചകാലം മുതൽക്കും ഫെർട്ടിലൈസേഴ്സ് കമ്പനിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ദുഷ്പ്രവൃത്തികളെപ്പറ്റി ഞാൻ ഉൾപ്പെടെ പല ബഹുമാനപ്പെട്ട മെമ്പറന്മാരും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അവയെ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെണ്ടു് ഇതുവരെ ഏതെങ്കിലും നടപടിയെടുത്തിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. മുൻപൊരവസരത്തിൽ ഈ ഗവൺമെണ്ടു് പറയുകയുണ്ടായി, അവിടെ ഒരു റിട്രെൻഞ്മെന്റു നടത്താൻ പോകുന്നുവെന്നും അതോടുകൂടി കാര്യക്ഷമമായ പ്രവർത്തനം നടപ്പിൽവരുമെന്നും. ഈ ഫാക്ടറിയിലുള്ള ചില ഉദ്യോഗങ്ങളെപ്പറ്റിയും ചില ഉദ്യോഗസ്ഥന്മാരെയുംപറ്റി എന്റെ മാന്യ സ്നേഹിതന്മാർ പലരും ആക്ഷേപങ്ങൾ പുറപ്പെടുവിച്ചു. കൂടാതെ ഈ ഫാക്ടറിയിൽ വലിയ മോഷണങ്ങളും നടക്കുന്നുണ്ടു്. അതായതു്, ഈ ഫാക്ടറിക്കകത്തു് ഉണ്ടാക്കുന്ന സാമാനങ്ങൾ, കൺട്രാക്ടു്കൊടുക്കുന്ന സാമാനങ്ങൾ, അതുകൂടാതെ അതിനകത്തുള്ള വില്പനകൾ ഈ ഇനങ്ങളിൽ ധാരാളം മോഷണം ഇന്നും നടന്നുകൊണ്ടിരിക്കുന്നു. സർ, അമോണിയം സൾഫേറ്റ് ഉണ്ടാക്കുകയാണു് ഈ കമ്പനിയുടെ പ്രധാന ജോലി. അങ്ങിനെയിരിക്കെ ഫാക്ടറിക്കു പുറത്തു് കച്ചവടക്കാർ അമോണിയം സൾഫേറ്റ് കുറഞ്ഞവിലക്കു വിറ്റവരുന്നു. അതിൽനിന്നും ഊഹിക്കേണ്ടതു് ഈ ഫെർട്ടിലൈസറിൽ ഫാക്ടറിക്കു നഷ്ടമുണ്ടാകുന്നുവെന്നല്ലേ? ഗവൺമെണ്ടിൽനിന്നും ഒരു വലിയസംഖ്യ മുടക്കിയിട്ടുള്ള ഈ കമ്പനിയുടെ പ്രവർത്തനം ഇങ്ങിനെ യാതൊരു നിയന്ത്രണവുമില്ലാതായിത്തീരുന്നതു ഗവൺമെണ്ടിന്റെ അനാസ്ഥകൊണ്ടല്ലെ? ഈ സംഗതികൾവെച്ചു നോക്കുമ്പോൾഗവൺമെണ്ടു് ഇന്നു തൊഴിലാളികളോടു് അനുവർത്തിക്കുന്ന നയംതന്നെയാണു് ഈ കമ്പനിയോടും അനുവർത്തിക്കുന്നതെന്നു മനസ്സിലാക്കാൻ സാധിക്കയുള്ളൂ. സർ, കഴിഞ്ഞ ദിവസം അദ്ദേഹം പറയുകയുണ്ടായി, ഈ ഫാക്ടറി

LIBRARY ARCHIVES Kerala Legislative Assembly

[Sri Kalathil Velayudhan Nair]

യുടെ കുഴപ്പങ്ങളെ സംബന്ധിച്ചിടത്തോളം അത് ഒരു ട്രിബ്യൂണലിന്റെ മുമ്പിൽ വച്ചിരിക്കുകയാണ്, അതുകൊണ്ടിപ്പോൾ ഒന്നും ചെയ്യാൻ സാധിക്കയില്ലെന്ന്. സർ, ഗവൺമെണ്ടും തൊഴിലാളികളും ഫാക്ടറിയുടെ മാനേജ്മെണ്ടും തമ്മിൽ ഒരു ഒത്തുതീർപ്പിനുവേണ്ടി ഇടപെട്ടാൽ പക്ഷം അതു എന്തുകൊണ്ടു നടക്കുന്നില്ലായെന്നാണ് ഞാൻ ചോദിക്കുന്നതു്. സർ, നിയമപരമായി നോക്കുന്നപക്ഷം ഗവൺമെണ്ടു് അതിനെ സംബന്ധിച്ചിടത്തോളം ഇതേവരെ യാതൊന്നും ചെയ്തിട്ടില്ലാ എന്നാണ് എനിക്കു പറയുവാനുള്ളതു്. സർ, ഒരു ട്രിബ്യൂണലിന്റെ മുമ്പിൽ ഒരു കേസ് വിചാരണക്കു വന്നാൽ, അതിൽ ഏതെങ്കിലും ഒരു കക്ഷിക്കു വിശ്വാസം ഇല്ലെന്നു പറയുന്നതു് ഒരു നിയമമല്ല. നിയമപ്രകാരം ഒരു കേസ് ശരിയല്ലെന്നുകണ്ടാൽ അതിനെ അപ്പീലുണ്ടെന്നു പറയുന്നതും ശരിയല്ല. ആത്മാർത്ഥമായി ഗവൺമെണ്ടു് ഈ കാര്യത്തിൽ മുൻകൈ എടുത്തിരുന്നുവെങ്കിൽ ഇതിനു മുമ്പുതന്നെ ഈ കേസ് തീരുമായിരുന്നു. നേരെ മറിച്ചു് വളരെ അലസതയോടും അനാസ്ഥയോടുംകൂടിയാണ് ഗവൺമെണ്ടു് ഈ കാര്യത്തിൽ പ്രവർത്തിക്കുന്നതെന്നു് സൂചിപ്പിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. പി. എം. വർഗ്ഗീസ്: സർ, തൊഴിലാളിയും മുതലാളിയും തമ്മിലുള്ള തർക്കം ഇന്നും ഇന്നലെയും തുടങ്ങിയ ഒരു കാര്യമല്ല. വളരെ നാളുകളായി ഈ ഏർപ്പാടു് കുറെശ്ശെകുറെശ്ശെയായി നടന്നുകൊണ്ടിരിക്കയാണ്. ഗവൺമെണ്ടു് ഒരു മുതലാളി കക്ഷിയാണെന്നും ഇന്നത്തെ ഗവൺമെണ്ടിൽനിന്നും തൊഴിലാളികൾക്കു് യാതൊരു രക്ഷയും കിട്ടുന്നതല്ലെന്നും മറ്റും അർത്ഥം വരത്തക്കനിലയിൽ ഉള്ള ചില പ്രസംഗങ്ങൾ ഇവിടെ ഉണ്ടായി. മാത്രവുമല്ല ഈ പ്രസംഗങ്ങളെ പരിശോധിച്ചുനോക്കുകയാണെങ്കിൽ ഇന്നത്തെ ഗവൺമെണ്ടിനെ അവർ അവിശ്വസിക്കയും ചെയ്യുന്നുയെന്നു് മനസ്സിലാകും. സർ, ഏതു രാജ്യത്തും ഒരു ഗവൺമെണ്ടിന്റെ ആവശ്യമുണ്ടു്. തൊഴിലാളികളുടെ ഭരണംതന്നെ വന്നാലും അവർക്കും ഒരു ഗവൺമെണ്ടുവേണം. ആ ഗവൺമെണ്ടു് ഭരണം നടത്തണമെങ്കിൽ നിയമങ്ങളും ഉണ്ടാകണം. ഇന്നത്തെ ഗവൺമെണ്ടു്, തൊഴിലാളി മുതലാളി കുഴപ്പത്തെപ്പറ്റി പരിഹാരമുണ്ടാക്കുന്നതിനു് രണ്ടുകൂട്ടരുടേയും രക്ഷക്കുവേണ്ടി ഒരു ബില്ല കൊണ്ടുവന്നിരിക്കുന്നു. എഫ്. എ. സി. ടി.യിൽ ഉണ്ടായിരിക്കുന്ന മുതലാളിതൊഴിലാളി തർക്കത്തെ സംബന്ധിച്ചു് ഒരു തീരുമാനത്തിലെത്തുന്നതിനുവേണ്ടി തൊഴിലാളി പ്രതിനിധികളേയും ഫാക്ടറി മാനേജ്മെൻറിനേയും വിളിച്ചുവരുത്തി ഗവൺമെണ്ടുമായിട്ടു് ആലോചന നടത്തുകയും ആ ആലോചനയിൽ ഉണ്ടാകുന്ന അവസാനതീരുമാനത്തിനു് വിധേയരാകാമെന്നു് തൊഴിലാളികൾ സമ്മതിക്കയും ചെയ്തു എന്നാണ് എന്റെ അറിവു്. എന്നാൽ അതിനുശേഷമാണ് ആലുവാ ഫാക്ടറിയിലെ തൊഴിലാളികൾ പണിമുടക്കിനു് ആരംഭിച്ചിട്ടുള്ളതു്. ഇങ്ങനെയുള്ള ഒരു തീരുമാനത്തിൽനിന്നും വ്യതിചലിച്ചു തൊഴിലാളികളെ സംബന്ധിച്ചിടത്തോളം എന്തു നടപടിയാണ് ഗവൺമെണ്ടു് കൈക്കൊള്ളാൻ പോകുന്നതു് എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. സർ, മുന്നു കക്ഷികളുംകൂടി നല്ലതിൻവണ്ണം ആലോചിച്ചതിനുശേഷം ഉണ്ടായിട്ടുള്ള ഒരു തീരുമാനത്തെ അംഗീകരിക്കുന്നതിനു് നിയമപ്രകാരം അവർ ബാദ്ധ്യസ്ഥരാണ്. ഗവൺമെണ്ടിനു് മുതൽമുടക്കം വലിയ ഉത്തരവാദിത്വവും ഈ കമ്പനിയെ സംബന്ധിച്ചിടത്തോളം ഉണ്ടെന്നും പണിമുടക്കു തുടരുന്നതുകൊണ്ടു് ഭാരിച്ച നഷ്ടം ഗവൺമെണ്ടിനുണ്ടെന്നും ആണ് ഇവിടത്തെ വാദഗതികൾ. ഗവൺമെണ്ടിനു ഈ കാര്യത്തിൽ എത്രതന്നെ നഷ്ടംവന്നാലും അതായതു് ഈ കാരണംകൊണ്ടു് രാജ്യം

LIBRARY ARCHIVES Kerala Legislative Assembly

അധഃപതിച്ചുപോയാൽതന്നെയും തത്വത്തിനും ന്യായത്തിനും വിരുദ്ധമായി ഗവൺമെണ്ടു് അവക്കുവേണ്ടി വഴതികൊടുക്കരുതെന്നാണു് എന്റെ അഭിപ്രായം. രാജ്യം നശിച്ചുപോയാലോ എന്നു ചോദിച്ചാൽ, ഞാൻ പറയും, രാജ്യം നശിച്ചാലും തത്വത്തെ മുറുകെ പിടിക്കണമെന്നു്. ഒരു ഗവൺമെണ്ടു് എത്രനാൾ ഭരിച്ചാലും തത്വപരമായും ന്യായപരമായും ഭരണം നടത്തിയിട്ടുണ്ടോ എന്നാണു് നോക്കേണ്ടതു്. സർ, ഇംഗ്ലണ്ടിലെ ഷേക്സ്പീയറാണോ വലുതു്, അതോ ഇംഗ്ലീഷു് സാമ്രാജ്യമാണോ വലുതു് എന്നു ഒരാൾ ചോദിച്ചപ്പോൾ ഇംഗ്ലീഷു് സാമ്രാജ്യം നഷ്ടപ്പെട്ടാലും ഷേക്സ്പീയറെ ഉപേക്ഷിക്കുകയില്ല എന്നാണു് ഒരു ഇംഗ്ലീഷുകാരൻ മറുപടി പറഞ്ഞതു്. അതുപോലെ തൊഴിലാളികളുടെ ഈ പണിമുടക്കുമൂലം ഒരു ഭയങ്കരമായ നഷ്ടംതന്നെ രാജ്യത്തിനു സംഭവിച്ചാലും അതു സഹിക്കാൻ രാജ്യം തയ്യാറാകേണ്ടതാണു്. ആദർശത്തെ ബലികഴിച്ചു് രാജ്യത്തെ രക്ഷിക്കരുതു്. ഗവൺമെണ്ടു് മുതലാളിമാരുടെ കൂട്ടുകെട്ടിൽ ആണെന്നു് ഒരു ധാരണയുണ്ടു്. അതു് എത്രത്തോളം ശരിയാണെന്നു് എന്റെ തൊഴിലാളി സ്നേഹിതന്മാർതന്നെ ചിന്തിച്ചുനോക്കേണ്ടതാണു്. മഹാത്മാഗാന്ധി ബർളാ മന്ദിരത്തിൽ താമസിച്ചുകൊണ്ടിരുന്ന അവസരത്തിൽ അദ്ദേഹം മുതലാളിയുടെ കൂട്ടുകെട്ടിൽ ഉൾപ്പെട്ടിരിക്കയാണെന്ന അപവാദം പരന്നു. എന്നാൽ അദ്ദേഹം തൊഴിലാളികളുടെ വീടുകളിലും താമസിച്ചിട്ടുണ്ടു്. കുഗ്രാമങ്ങളിൽ സഞ്ചരിച്ചു് പല ക്ലേശങ്ങളും അനുഭവിച്ചിട്ടുള്ള മഹാത്മാഗാന്ധിക്കു് തൊഴിലാളികളുടെ വീട്ടിൽ താമസിക്കരുതെന്നോ, മുതലാളിയുടെ വീട്ടിൽ മാത്രമേ താമസിക്കാവൂ യെന്നോ ഇല്ല. സർ, ഈ രാജ്യത്തെ മുതലാളിമാരെ ഒന്നാടങ്ങു നശിപ്പിച്ചിട്ടു് തൊഴിലാളികൾക്കു് സുഖിക്കാമെന്നു് വിചാരിക്കുന്നതും ബുദ്ധിമുന്നമാണു്. തൊഴിലാളികളുടെ രാജ്യമായ റഷ്യയിൽപോലും ഈ രാജ്യത്തു നടപ്പാക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളും ആ രാജ്യത്തു് ഇല്ലെന്നുള്ളതു്, ആ രാജ്യക്കാരുമായി അറിവുള്ള പലരിൽനിന്നും ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. തൊഴിലാളി പ്രതിനിധിക്കും മുതലാളിപ്രതിനിധിക്കും ഗവൺമെണ്ടു് പ്രതിനിധികളോടൊപ്പം ഇരുന്നു സ്വാതന്ത്ര്യമായി അവരുടെ പരാതികളെയും അവകാശങ്ങളേയുംപറ്റി വാദിക്കുന്നതിനുള്ള സൌകര്യവും കൊടുക്കുന്ന ഒരു ഗവൺമെണ്ടാണു് ഇന്നു് നമുക്കുള്ളതു്. ഈ നിലയിലുള്ള സ്വാതന്ത്ര്യം മറ്റൊരു രാജ്യത്തും കിട്ടുമോയെന്നുള്ളതുതന്നെ സംശയമാണു്. ആയതിനാൽ ഗവൺമെണ്ടിനു് എന്തു നഷ്ടം വന്നു സംഭവിച്ചാലും തത്വത്തെ മുറുകി പിടിക്കണമെന്നാണു് എന്റെ അഭിപ്രായം.

<u>ശ്രീ. മന്നത്തു പത്മനാഭൻ:</u> ഈ മുതലാളിയെന്നു പറയുന്നതു് സക്കാരിന്റെ ഒരു കറവപശുവാണെന്നു് അറിയാമോ?

(ഉത്തരമില്ല.)

<u>ശ്രീ. കെ. എൻ. ശങ്കുണ്ണിപിള്ള:</u> സർ, ഞാൻ ഇവിടെ നടന്ന വാദപ്രതിവാദങ്ങളും സശ്രദ്ധം കേൾക്കുകയുണ്ടായി. ഈ നിയമസഭയിൽ ഉള്ളതുപോലെ തൊഴിലാളികളോടു് പ്രേമമുള്ളവരായി മറ്റൊരു രാജ്യത്തും കാണാൻ സാധിക്കുക ഇല്ല. ഇന്നു് ഇവിടെ പ്രസംഗിച്ചവരും കാൺഗ്രസ്സുഗവൺമെണ്ടും എല്ലാവരും തൊഴിലാളികളോടു് അത്രമാത്രം പ്രേമം ഉള്ളവരാണു്. സോഷ്യലിസ്റ്റുനേതാക്കന്മാർക്കു് ആണെങ്കിൽ അതും ഇതുപോലെതന്നെ. പിന്നെ എന്താണു് കുഴപ്പം? ഇത്രയൊക്കെ ആദർശപ്രേമികളായിരുന്നിട്ടും തൊഴിലാളികളോടു് ഇത്രമാത്രം പ്രേമം ഉണ്ടായിരുന്നിട്ടും ഇവിടെ നടന്ന വാദപ്രതിവാദത്തിന്റെ രഹസ്യം എന്താണു്? ശ്രീമാൻ ഗംഗാധരൻ അവർകളും ഇവിടെ വാദപ്രതിവാദത്തിൽ പങ്കുകൊണ്ടു. അദ്ദേഹം തൊഴിലാളികളുടെ കാര്യത്തെപ്പറ്റി

LIBRARY ARCHIVES Kerala Legislative Assembly

[Sri. K. N. Sankunni Pillai]

പ്രസംഗിച്ചപ്പോൾ അദ്ദേഹത്തിന്റെ മുഖത്തു് യാതൊരു വികാരവും പ്രത്യക്ഷപ്പെട്ടില്ല. ഒന്നരണ്ട അറസ്റ്റുകളെ സംബന്ധിച്ചു് പറയുമ്പോൾമാത്രം കോപിച്ചിരിക്കുന്നതായി കണ്ടു. തൊഴിലാളികൾക്കു് ഗവൺമെണ്ടിനെ വിശ്വാസമില്ല; ഗവൺമെണ്ടു് പ്രസ്താവനകളിൽ വിശ്വാസമില്ല, മുതലാളിമാരിൽ വിശ്വാസമില്ല; പിന്നെ ആരിലാണു് വിശ്വാസം? മി. ഗംഗാധരനിലാണോ?

മി. താണുപിള്ളസാർ പറഞ്ഞു അദ്ദേഹം പ്രധാനമന്ത്രി ആയിരുന്നപ്പോൾ മി. ബാലകൃഷ്ണനെ അറസ്റ്റു ചെയ്തു. അദ്ദേഹം ഒരു മന്ത്രിയുടെ മകനായിരുന്നു. ഇപ്പോഴും ചീഫ്മന്ത്രിയുടെ ഒരു ബന്ധുവിനെ ഇതു സംബന്ധിച്ചു് അറസ്റ്റുചെയ്യുക ഉണ്ടായിട്ടുണ്ടു്. അങ്ങനെയൊക്കെ ചിലപ്പോൾ വരും. ആരെ അറസ്റ്റുചെയ്യണമെന്നോ ഒന്നും നിർബന്ധമില്ല. ഇതെല്ലാം ചെയ്യുന്നതു് തൊഴിലാളികളുടെ നന്മക്കവേണ്ടിയും ആണു്. പരമാത്ഥത്തിൽ ഇവരാരും തൊഴിലാളികൾക്കു് യാതൊന്നും ചെയ്യുകയില്ല. ഈ പറയുന്ന നേതാക്കന്മാർ ആരെങ്കിലും ഒരു തൊഴിലാളിയെയെങ്കിലും വിളിച്ചു് ഒരു നേരത്തെ കഞ്ഞിയോ നാലണയോ കൊടുത്തിട്ടു് ഇവിടെ വന്നു് പ്രസംഗിച്ചാൽ മതിയായിരുന്നു. എന്നാൽ ഒന്നും ചെയ്യാതെ ചുമ്മാ തൊഴിലാളികളോടു് പ്രേമമാണെന്നു് പറയുകയും അതേസമയം തൊഴിലാളികൾക്കു് ഇങ്ങോട്ടു് പ്രേമം ഇല്ലാതിരിക്കുകയും ആണു്. ഞാൻ എന്റെ തൊഴിലാളികൾക്കു് എല്ലാം വേണ്ട സഹായം ചെയ്തുകൊടുക്കുന്നുണ്ടു്. അവർക്കു് വളരെ സന്തോഷമാണു് ഉള്ളതു്. ഇതുപോലെ എല്ലാവരും ചെയ്താൽ മതിയായിരുന്നു. ഭൂരിഭാഗം അങ്ങനെ ചെയ്യുന്നില്ല. അതിനാൽ എനിക്കും ഈ അടിയന്തിരപ്രമേയത്തിനു് വിഷയമായ കാര്യത്തിൽ ഒരു നിഷ്പക്ഷനിലയാണുള്ളതു്.

Sri. A. Thanu Pillai: A good deal of laughter was elicited by K. N. Sankunny Pillai by his humorous speech. Perhaps he can indulge in that kind of speech because he is sure of what he is doing. He himself, as an employer, as towards the close of his speech struck the right note by saying, that so far as his workers are concerned, he is doing what is proper and that he was sure that he need not face a strike. That evidently was at the bottom of his mind when he referred humorously about the very serious situation that we are face to face today. If only the employers of the Fertilisers and Chemicals had treated their employees as Mr. Sankunny Pillai does, this discussion would not have been occasioned.

Now, Sir, what are the facts. Government have a very serious duty in regard to this matter. It is their general duty to maintain good industrial relations in the counrty, and so far as this factory is concerned, in as much as they are the main owners of the concern it is their bounden duty to establish good relations. It is their duty to see that nothing is done in exercise of the special powers vested in Government, which is not warranted by the circumstances of the case. They have utterly failed. In regard to the application for transfer, my friend Mr. Govinda Menon told us that there is no provision in the Indian Industrial Disputes Act to effect a transfer. Is there not a provision in our Act to that effect. I know that labour is a subject coming both under the Union and State lists. But our law in that behalf will be avoided only to the extent of any repugnancy with the Central law. Therefore the provisions in our Act, which we passed recently, investing Government with power to transfer the case holds good.

Sir, I understand that the Union was consulted as to whether they would have the case tried by the Ernakulam tribunal, when three new tribunals were established. Naturally the Union feared that if the case is transferred to a new tribunal it

LIBRARY ARCHIVES Kerala Legislative Assembly

would take more time, as perhaps the whole thing may have to be started fresh, and they therefore stated that they were content with the tribunal in charge of the matter. Later on may things made them uneasy. This labour question does not admit the niceties of law. Law is there to do justice and long delays and elaborate procedure do not at all conduce to confidence. This question came up in November 1948 and we are to-day nearing November 1950. What is the meaning of a trade dispute being decided two years after it has arisen. This dispute ought to be settled as expeditiously as possible. There is a section in our Act which clearly lays down that the tribunal should proceed with the matter expeditiously and arrive at a decision. Therefore the circumstances induced the labour to fear that the tribunal will not be fair. I do not want to suggest for a moment that the tribunal will be unfair. But I ask what is the difficulty in transferring this case.

Then, Sir, there is a material circumstance, which the Hon'ble Minister ought not to ignore. There were negotiations between the representatives of the Union and the Management, as a result of which they came to a tentative settlement, subject, no-doubt to the confirmation of the Board of Directors. The Union agreed to certain terms at a great sacrifice but the Board of Directors strangely enough did not agree to the proposed settlement. Now the Chief Officer of the Government represented us in the Management. Are we to brush aside that fact lightly. Of course when they agree to something, it is subject to confirmation by the Board, but are we to lightly say that what they have agreed to, is unfair or detrimental to the interests of the Company. When the Chief Officer of Government and a lawyer member agreed to certain terms, there is an over-whelming presumption that the settlement is fair. There the Government grossly erred. We own a major portion of the shares. We want manure badly and besides we also want a good return for the investment. If we did not get any return from the start, at least we must try to manage it better hereafter. At the same time it is the duty of Government to satisfy the legitimate claims of labour. Under the circumstances I cannot understand why the Board rejected the settlement. Is it on the technical ground that adjudication was pending? How could they say 'no' to something which has been agreed to by the Management?

What could the labour do? They waited for two long years. You know, Sir, as a lawyer, how parties will apply for adjournment and get things delayed in court. That does not however justify the Court to give fairly long intervals, two or three months, between two hearings. That fact has been completely and comfortably ignored by the Hon'ble Minister. That is how, I understand, the delay has taken place. That is not the way in which an industrial dispute should be settled. Therefore I bring to the notice of the House these facts. The settlement arrived at by the Management must be deemed to be reasonable as it could not be said that they would be not loyal to the Company. If the Board withdrew their consent I do not know whether it was our Directors or some other Directors who stood in the way, any way it could not be Government Directors as they stand to lose nothing the Government should have intervened to set matters right. My point is that even now it is not too late. It is not in a spirit of criticising whatever Government does, I urge this. I take my firm stand on the fact that when the trusted representatives of the Management agreed to certain terms and when that settlement was witheld by the Board, this Government ought to have seen that reasonable adjustments are made and a satisfactory agreement arrived at.

Government should not take advantage of the labour situation to create further difficulties. I learn that one of the gentleman that has been arrested in this connection is R. M. Manackalath. He is one of the few members of the party to which I belong. He is not a member of the Trade Union or an Officer of the Trade

LIBRARY ARCHIVES Kerala Legislative Assembly

[Sri. A. Thanu Pillai]

Union. I understand that he has been arrested by taking recourse to the provisions of the Public Safety Act.

Mr. Speaker: Details of that matter need not be gone into.

Sri. A. Thanu Pillai: I just wanted to point out that the provisions that they have resorted to do not at all apply to this case. I do not want to argue about it further. If I am informed correctly a charge under the provisions of the Public Safety Act will fail.

Mr. Speaker: That is again a digression into details.

Sri. A. Thanu Pillai: I hope that the Hon'ble Minister will not go into it.

Mr. Speaker: The rule regarding relevancy will apply to the Minister also.

Sri. A. Thanu Pillai: I am also sorry that section 142 was promulgated I take it that,—as was alleged by some of our friends, Government intentionally want to create a situation. So far as respectable people are concerned, it is an invitation to violate the order. As a responsible member of this House and as a responsible citizen of the State, I make the statement that this is an open invitation to people to violate the order. Simply because a Trade Union has given notice to strike work, Government have promulgated this Order at Alwaye and other surrounding areas. This Government will do well to realise that no action taken by Government under that Section ever failed to land them in difficulties in the long run. I would urge upon Government to withdraw that Order and release the persons not justly arrested and see that the issue is settled and that peace is restored. Not only is this in the interest of the Government and the interest of the people of the State, but it is of interest to to the whole of India as the factory produces manure, which is ever growing in value at the present juncture. With these remarks I support this motion.

ശ്രീ. പന്മ്പിള്ളി ഗോവിന്ദമേനോൻ: രണ്ടുദിവസമായി ആലുവാ എഫ്. എ. സി. ടി.യിൽ നടക്കുന്ന പണിമുടക്കംകൊണ്ടു് രാജ്യത്തുണ്ടായിട്ടുള്ള ഗൗരവസ്ഥിതിയെപ്പറ്റി വാദപ്രതിവാദം ചെയ്യുവാനാണു് സഖാവു് ഗംഗാധരന്റെ പ്രമേയം. ഇവിടെ ചെയ്തകേട്ട പ്രസംഗങ്ങളിലൊന്നിലും ഇതിന്റെ ഗൗരവമായ സ്ഥിതിയെപ്പറ്റി യാതൊരു പരാമർശനങ്ങളും ഞാൻ കേൾക്കുകയുണ്ടായില്ല. ഇതിനു മുമ്പുണ്ടായ ചില കാര്യങ്ങളെപ്പറ്റി വാദപ്രതിവാദം ചെയ്തയാണുണ്ടായതു്. ഈ വിഷയത്തെപ്പറ്റി തക്കതായ മറുപടികൾ പറയുവാൻ സാധിക്കുകയില്ല. പക്ഷെ ഈ വിഷയത്തെപ്പറ്റി ഒരു മറുപടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മറുപടി പറയുകയെന്നുവച്ചാൽ, ഒരു ഭാഗത്തുനിന്നു പറയുന്നതെല്ലാം ശരി, മറേറ ഭാഗത്തുനിന്നു പറയുന്നതെല്ലാം തെറ്റു് എന്നുള്ള നിലയിൽ ആയിരിക്കണം. അങ്ങിനെയുള്ള ഒരു വാദപ്രതിവാദം ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം ഈ സ്ഥൈക്കുമൂലം ഉണ്ടായിട്ടുള്ള പരിതഃസ്ഥിതി വളരെ ഗൗരവമുള്ളതാണു് എന്നു പറയുമ്പോൾ അതു ഗൗരവമുള്ളതല്ലെന്നു പറഞ്ഞുനില്ക്കുവാൻ എനിക്കാഗ്രഹമില്ലാത്തതുതന്നെ. അങ്ങിനെ ഗൗരവമുള്ള ഒരു പരിതഃസ്ഥിതി ഈ സ്ഥൈക്കുമൂലം ഉണ്ടായിട്ടുള്ള സന്ദർഭത്തിൽ അതു് ഈ നിലയിൽ ഈ നിയമസഭയിൽ വാദപ്രതിവാദത്തിനു് കൊണ്ടുവരുവാൻ സാധിച്ചതിൽ ഞാൻ പ്രമേയപ്രയോക്താവിനെ വളരെ അനുമോദിക്കുന്നുണ്ടു്. എന്നാൽ എന്താണു് ആ പരിതഃസ്ഥിതി. ഫ,ങ ൦ ൦-ൽ അധികം തൊഴിലാളികൾ തൊഴിൽ മുടക്കി പുറത്തു നില്ക്കുന്നു. ഈ തൊഴിൽശാല ഇന്നു നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തു ഏറ്റവും ആവശ്യമുള്ള 'ഫെർട്ടിലൈയിസർ' ഉണ്ടാക്കുന്ന ഒന്നാണു്. ദുർഭാഗ്യവശാൽ മാനേജരുടെ പരിശ്രമംമൂലം തൊഴിൽശാല ഇപ്പോഴും പൂട്ടിയിട്ടില്ല. പൂട്ടുവാൻ ഇടവരികയില്ലെന്നും അറിയുന്നു. ഇന്നും ഇന്നലെയുമായി അവിടത്തെ തൊഴിലാളികളിൽ നല്ലൊരു ഭൂരിഭാഗം പുറത്തു നില്ക്കുന്നുണ്ടു് എന്നുവരികിലും ഈ രാജ്യത്തിന്റെ ഭാഗ്യംകൊണ്ടു് അവർ അതു പൂട്ടിയിടുവാൻ ഇടയില്ലെന്നാണു് അറിയുന്നതു്. ശരാശരി ൭ ൦ ടൺ ഉല്പാദനങ്ങളും സാധാരണ രീതിയിൽതന്നെ ഇന്നലെയും ഇന്നുമായി അവിടെ ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടു് എന്നു റിപ്പോർട്ടു് കിട്ടിയിട്ടുണ്ടു്. എന്നാൽ ഈ നിലയിൽ തുടന്നുപോകുവാൻ സാധിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. പക്ഷെ തൊഴിലാളികൾക്കു് ദോഷവും കഴപ്പുമാണു് ഉണ്ടാകുവാനിടയുള്ളതു്. അതുകൊണ്ടാണു് ഞാൻ ഈ വാദപ്രതിവാദത്തിനു ഇഷ്ടപ്പെടുന്നില്ലെന്നു പറയുന്നതു്. എത്ര പറഞ്ഞിട്ടും വഴിപ്പെടാതെ ആയിരവും അയ്യായിരത്തിഅഞ്ഞൂറും തൊഴിലാളികൾ തൊഴിലില്ലാതേയും കൂലിയില്ലാതേയും പുറത്തു നില്ക്കുകയും അങ്ങിനെ നില്ക്കുന്നതുമൂലം തുടന്നു പല പുതിയ വൈഷമ്യങ്ങളും അവർക്കു സംഭവിക്കുകയും ചെയ്യുന്ന സമയത്തു് ആ തൊഴിലാളികളേയും അവർക്കു് ദുഷ്ടവും അനാശാസ്യവുമായ ഉപദേശം കൊടുക്കുന്ന മറ്റുള്ളവരേയും മാറ്റി നിറുത്തേണ്ടതു് ആവശ്യമായി വരുന്നു. ഇവിടെ പ്രധാനമായി ഒരുങ്ങി പ്രസംഗിച്ച പ്രാസംഗികൻ ശ്രീമാൻ താണുപിള്ള ഊന്നിപ്പറഞ്ഞതു് കമ്പനിമാനേജർമാരും തൊഴിലാളികളും തമ്മിൽ ഒത്തുതീർപ്പുണ്ടായിട്ടു് ആ ഒത്തുതീർപ്പു് എന്തുകൊണ്ടു് സ്വീകരിക്കുന്നില്ല എന്നാണു്. ഒരു അഡ്ജൂഡിക്കേഷൻ നിലനില്ക്കുമ്പോൾ കക്ഷികൾ തമ്മിൽ ഒത്തുതീർപ്പുണ്ടാക്കുക സാധാരണഗതിയിൽ പതിവാണു്, എന്നാൽ അവിടത്തെ തൊഴിലാളികൾക്കു് വളരെ വേഗത്തിൽ കാര്യങ്ങൾ തീർന്നാൽ കൊള്ളാമെന്നു് അത്യാഗ്രഹമുള്ളതായി ഒരു സംശയമുണ്ടായി. പക്ഷെ യാതൊരു സെറ്റിൽമെൻറും ഉണ്ടായിട്ടില്ല. ആ വിഷയത്തെപ്പറ്റി ഗവൺമെണ്ടിനു് കിട്ടിയിട്ടുള്ള റിപ്പോർട്ടിൽ കാണുന്നതു് ഇങ്ങനെയാണു്.

"In view of the strained atmosphere, discussions were held with the representatives of the Association on the 15th and 18th December 1950 to explore the possibilities of a settelement. The Association while willing to forego some of their demands insisted that the following demands along with a few other points should be conceded by the Company as a condition precedent to a truce for 15 months from 1—10—1950."

അതായതു് ൧൯൫൦ ഒക്ടോബർ ഒന്നാം തീയതി മുതൽ പതിനഞ്ചുമാസക്കാലത്തേയ്ക്കു് ഒരു തല്ക്കാല സന്ധിവ്യവസ്ഥയായിട്ടു നിശ്ചയം ചെയ്യുതുടങ്ങുന്നതു എന്നാണൊ അന്നുമുതൽ എന്നാണു്. ഒരു പക്ഷെ ഇതിനു നേതൃത്വം കൊടുക്കുന്നവരിൽ ചിലർ സന്ധിയല്ല, സമരത്തിൽ വിശ്വസിക്കുന്നവരായിരിക്കും. പതിനഞ്ചുമാസക്കാലത്തേക്കു് ഇങ്ങിനെ ഒരു തല്ക്കാല സന്ധി ചെയ്യും.

3. "That no retrenchment should be effected.

2. That Dearness Allowance should be linked to the Cost of Living Index figures and every permanent employee should be paid at the rate of 2 to 4 annas per point per month for points above 100.

അതായതു് ഡീയർനസ്സു് അലവൻസും റിവാർഡിന്റെ കാര്യവും

3. That the Leave facilities now available to the permanent employee should be extended to temporary employees as well.

4. That a bonus of 4 per cent of the basic wages should be paid to all employees for the years 1949 and 1950.

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampilli Govinda Menon]

5. That retrospective effect should be give to demands 2 and 3.

അതായതു് മാനേജുമെൻറിൽ നിന്നും ഗവണ്മെൻറിനെ അറിയിച്ചിട്ടുള്ള താണു്.

The additional financial commitment involved in conceding the minimum demands are indicated below.

അതായതു് ഡിമാൻഡു് നമ്പർ ൧:—

1. 45,000 rupees per month for the increase in Dearness Allowance, Leave privileges etc.

അതായതു് ഇതിൽ ഒരു ഡിമാൻഡു് അക്ടോബർ ഒന്നാം തീയ്യതിമുതൽ ൧ ൫ മാസക്കാലത്തേക്കു് ഒരു തൽക്കാല സന്ധിയിൽ എത്തിക്കുവാനായിട്ടു് ആദ്യമായി പ്രതിമാസം ൪ ൫, ൦ ൦ ൦ രൂപാ കൂടുതൽ ചെലവു ചെയ്യണം. പിന്നെ ബോണസു് വകയ്ക്കു് ഒരു ലക്ഷത്തിനാൽപ്പതിനായിരം രൂപാ കൊടുക്കണം. മൂന്നാമതു്, ൫ ൦, ൦ ൦ ൦ രൂപാ പീതം മാസംതോറും കൂടുതൽ ചെലവു വരുന്ന വിധത്തിൽ റിട്രെഞ്ചുമെൻറു വേണ്ടെന്നു വയ്ക്കണം.

The above terms were carefully considered by the Board of Directors at its meeting on 30—9—1950. The conclusion of the Board was that the demands taken as a whole were unsustainable on the merits as they involve a financial commitment of such magnitude as will paralyse the continued existence of the Company itself.

ഇതിൻെറ ഗുണദോഷത്തെപ്പറ്റി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. തൊഴിലാളികൾ ആവശ്യപ്പെട്ടന്ന ഡിയർനസു് അലവൻസു് അവർ അർഹിക്കാത്തതാണെന്നോ മാനേജുമെൻറു് പറയുന്നതു് ശരിയാണെന്നോ ഞാൻ പറയുന്നില്ല. രണ്ടു കൂട്ടരുടേയും അഭിപ്രായങ്ങൾ അടങ്ങിയ കടലാസു് എൻെറ കൈവശം ഉണ്ടു്. ഒരു സെറ്റിൽമെൻറു് ഉണ്ടായി എന്നു ശ്രീമാൻ താണുപിള്ളയോ മറ്റാരെങ്കിലുമോ വിശ്വസിണ്ടെന്നുണ്ടെങ്കിൽ അതു ശരിയല്ല. കമ്പനിയുടെ വക്കീലും മറ്റേതോ ആഫീസറും എന്തെല്ലാം ചെയ്താൽ കായ്യം ശരിപ്പെടുത്താമെന്നു ചോദിക്കുകയുണ്ടായി. അതിനു പറഞ്ഞതാണു് ഞാൻ പറഞ്ഞ വിവരങ്ങൾ. തൊഴിലാളികൾക്കു് അവർ അർഹിക്കുന്ന വിധത്തിൽ ന്യായമായ കൂലികിട്ടണമെന്നാണു് ഗവണ്മെൻറിൻെറ ആഗ്രഹം. മാത്രമല്ല അവക്കു കിട്ടാവുന്ന സകല സൗകര്യങ്ങളും കിട്ടണമെന്നും ഗവണ്മെൻറു് ആഗ്രഹിക്കുന്നുണ്ടു്. അതിനു തടസ്സമായ ഒരു നില അവക്കു് അവലംബിക്കേണ്ടിവന്നതിൽ ഗവണ്മെൻറിനു് ഖേദമുണ്ടു്. ഈ അവസരത്തിലാണു് കമ്പനിയുടെ അഡ്ജൂഡിക്കേഷൻ സംബന്ധിച്ച കായ്യം പ്രസക്തമാകുന്നതു്. അഡ്ജൂഡിക്കേഷൻ അപരിഷ്കൃതമാണു്, അന്യായമാണു്, അനീതിയാണു് എന്നൊക്കെ വിശ്വസിക്കുന്ന ചില ആളുകൾ നമ്മുടെ രാജ്യത്തുണ്ടു്. ആദ്യകാലത്തു് ഈ യൂണിയനു് ആ നില ഉണ്ടായിരുന്നോ എന്നു് എനിക്കറിവില്ല. എന്നാൽ ഈ അടുത്ത കാലത്തു് അഡ്ജൂഡിക്കേഷൻ വ്യവസ്ഥയിൽനിന്നു് ഒന്നു് ഊരിച്ചാടിയാൽ കൊള്ളാമെന്നു് ആഗ്രഹിക്കുന്നതായി യൂണിയൻെറ അഭിപ്രായങ്ങൾ പരിശോധിച്ചതിൽ കാണുന്നുണ്ടു്. അവർ എന്താണു ചെയ്യുന്നതെന്നുനോക്കുക. മാർച്ചുമാസത്തിൽ ശ്രീമാൻ ലക്ഷ്മണൻപിള്ളതന്നെ അഡ്ജൂഡിക്കേഷൻ നടത്തണമെന്ന രേഖാമൂലം ആവശ്യപ്പെട്ടന്നതിനുശേഷം ഇപ്പോൾ അതു മാറണമെന്നു പറയുന്നു. അതേസമയത്തിൽ പത്തൊൻപതു മാസമായി അഡ്ജൂഡിക്കേഷൻ നീണ്ടുനിൽക്കുന്നുവെന്നും പറയുന്നു. ഇപ്പോൾ ഏതുതരത്തിലാണു് അക്കായ്യം നിൽക്കുന്നതെന്നു ഞാൻ പറയാം. തൊഴിലാളികളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗത്തുള്ള എല്ലാ കക്ഷികളേയും വിസ്തരിച്ചുകഴിഞ്ഞു. എംപ്ലായറുടെ ഭാഗത്തു് ഒരു സാക്ഷിയെ ഉള്ളൂ. ആ സാക്ഷിയുടെ വിസ്താരം പകുതിയിലധികം കഴിഞ്ഞു. അങ്ങനെ കേസു മിക്കവാറും അവസാനിക്കുന്ന സമയമാണു് ഇതു്. എട്ടുപത്തു ദിവസത്തിനകം അതു സംബന്ധിച്ചു തീരുമാനമുണ്ടാകും. ഫൻ മാസമായി നീട്ടിക്കൊണ്ടുപോകുന്നുവെന്നു ആവത്തിച്ചാവത്തിച്ചു പറയുന്ന ഒരു കക്ഷിയാണു് ഇപ്പോൾ ജഡ്ജിയെ മാറ്റിക്കിട്ടണമെന്നു പറയുന്നതു്. ഞാൻ ഒരു വക്കീലിന്റെ ബുദ്ധിയോടുകൂടി വാദിയ്ക്കുകയാണു്. ഈ അസ്സ്ജൂഡിക്കേഷനിലുള്ള ഏറ്റവും പ്രധാനമായ പ്രശ്നം റിട്ടഞ്ചുമെന്റാണു്. അതായതു് തൊഴിലാളികൾ ആവശ്യത്തിലധികമുണ്ടെന്നു മാനേജുമെന്റും അതേയും റിട്ടഞ്ചു ചെയ്യാൻ പാടില്ലെന്നു തൊഴിലാളികളും വാദിയ്ക്കുന്നുണ്ടു്. അതുകൊണ്ടു് ഈ അഡ്ജൂഡിക്കേഷനു് നേതൃത്വം കൊടുക്കുന്ന ആരെങ്കിലും—തൊഴിലാളികളാണെന്നോ യൂണിയൻ നേതാക്കന്മാരാണെന്നോ ഞാൻ പറയുന്നില്ല—ഇതു് നീട്ടിക്കൊണ്ടു പോകുന്നതാണു് ഗുണമെന്നുള്ള ഉപദേശം യൂണിയനു് കൊടുത്തിട്ടുണ്ടെന്നു എനിയ്ക്കു സംശയമുണ്ടു്. അല്ലെങ്കിൽ ഒരു സാക്ഷിയെ പകുതിമാത്രം വിസ്തരിക്കാനുള്ള ഈ അവസരത്തിൽ ജഡ്ജിയെ മാറ്റണമെന്നുള്ള വാദം ഉണ്ടാകുമായിരുന്നില്ല. ഞാൻ അതിനെപ്പറ്റി കൂടുതൽ പറയാൻ ആഗ്രഹിക്കുന്നില്ല.

ശ്രീമാൻ താണുപിള്ള ഈ ഗവണ്മെൻറിനു് കേസു് കൈമാറ്റംചെയ്യാൻ അവകാശമില്ലേ എന്നു ചോദിയ്ക്കുകയുണ്ടായി. അതു് ഒരു നിയമപ്രശ്നമാണു്. ഞാനും അദ്ദേഹവുമായി അതിനെപ്പറ്റി വാദിയ്ക്കുകയാണെങ്കിൽ അതു തീരുമാനിക്കാനുള്ള കോടതി ഇവിടെ ഇല്ല. ഒന്നുമാത്രം പറയാൻ ഞാൻ ആഗ്രഹിയ്ക്കുന്നു. ഒരു അപ്പീൽ കോടതി ഇൻഡ്യാ ഗവണ്മെൻറു നിയമപ്രകാരം ഉണ്ടായിട്ടുണ്ടു്. എതെങ്കിലും ഒരു ഇൻസ്റ്റിറ്റ്യൂട്ടിലോ അല്ലെങ്കിൽ ഒരു ട്രിബ്യൂണലിന്റെയോ മുമ്പാകെയുള്ള കാര്യത്തിൽ എക്സിക്യൂട്ടീവു് അധികാരം ഉപയോഗിക്കാൻ പാടില്ല.

ശ്രീ. ഏ. താണുപിള്ള: നമ്മുടെ സിവിൽ കോർട്ടിനെ സംബന്ധിച്ചിടത്തോളം ഒടുവിൽ സുപ്രീം കോർട്ടിനു് അധികാരമുണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ, കോടതിയ്ക്കാണു് അധികാരം. ഗവണ്മെൻറിനു് അധികാരമില്ല. എതായാലും ഗവണ്മെൻറിനു കിട്ടിയിട്ടുള്ള വിദഗ്ദ്ധാഭിപ്രായം കേസു് കൈമാറ്റം ചെയ്യാൻ ഗവണ്മെൻറിനു് അധികാരമില്ലെന്നാണു്. അങ്ങനെ തീരുമാനിച്ച കാലത്തു് ഇങ്ങനെയൊരു ബുദ്ധി ഉണ്ടാകുമെന്നോ, ഉണ്ടാക്കുമെന്നോ, ഉണ്ടാകണമെന്നോ ഉദ്ദേശമുണ്ടെന്നു ഇപ്പോൾ ശ്രീ. ഗംഗാധരൻ പറയുകയാണെങ്കിൽ അതിനു മറുപടി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ ഫൻ മാസകാലം കേസു് നീണ്ടുനിന്നതു എന്തുകൊണ്ടാണെന്നു ശ്രീ. ഗംഗാധരനറിയാം. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ തൊഴിലാളികൾ ചില ഹർജികൾ കേസു് മാറ്റുന്നതിലേയ്ക്കു കൊടുക്കുക ഉണ്ടായായിട്ടുണ്ടെന്നു പറഞ്ഞതു കായ്ങ്ങളം മുഴവൻ വെളിപ്പെടുത്തുന്നില്ല. ഈ കേസു് ഫൻ ർ൯ മാർച്ചു് മാസത്തിലാണു് ആദ്യമായി കേട്ടതു്. അതിനുശേഷം ഒന്നോ രണ്ടോ സന്ദർഭങ്ങളിലൊഴിച്ചു് ബാക്കി സന്ദർഭങ്ങളിലെല്ലാം തൊഴിലാളി ഭാഗത്തുനിന്നാണു് അവധിയ്ക്കു അപേക്ഷിച്ചു കേസു് നീട്ടിക്കൊണ്ടുപോയിട്ടുള്ളതു്. അതിനെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. അവർക്കു വേണ്ടിടത്തോളം സൗകര്യമായി കേസുനടത്തുന്നതിലേക്കായിരിക്കും അപ്രകാരം ചെയ്തിട്ടുള്ളതു്. നീട്ടുന്നതിനു് ഹർജി കൊടുത്താൽ എന്തിനാണു് നീട്ടുന്നതെന്നു് ശ്രീ. താണുപിള്ള ചോദിയ്ക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള: ഞാൻ അങ്ങനെ പറഞ്ഞില്ല?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നീട്ടണം നീട്ടണം എന്നു പറഞ്ഞ ഒരു കക്ഷി കാലദീർഘത്തെപ്പറ്റിപ്പറയുന്നതു ശരിയല്ല.

Sri. A. Thanu Pillai: A word of personal explanation.

Mr. Speaker: That may be allowed after the member closes his speech.

Sri. A. Thanu Pillai: I have a right to give a word of personal explanation. ഞാൻ പറഞ്ഞതു് രണ്ടു മൂന്നുമാസം ഇടവിട്ടാണു് അവധിമാറുന്നതെന്നാണു്. എനിയ്ക്കും കോടതികാര്യങ്ങളെപ്പറ്റി കുറെയൊക്കെ അറിയാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടും മൂന്നുംമാസം ഇടവിട്ടല്ല നടത്തിയിട്ടുള്ളതു്. ഫ 0—ം, ഫ ങ—ം ദിവസം ഇടവിട്ടാണു് നീട്ടിയിട്ടുള്ളതു്. നവംബർ ഫ൦തീയതിയ്ക്കു ഇപ്പോൾ കേസ് പോസ്റ്റു് ചെയ്തിട്ടുണ്ടു്. എട്ടുപത്തുദിവസംകൂടി കഴിഞ്ഞാൽ കേസു വിധിയാകാൻ പോകുകയാണു്. അങ്ങനെ കേസ് വിധിയാകാൻ പോകുന്നസന്ദർഭത്തിൽ ഇങ്ങനെയൊരു സ്റ്റൈക്കും കുഴപ്പവുമെല്ലാം ഉണ്ടാക്കേണ്ട ആവശ്യമുണ്ടോ എന്നു ഞാൻ സംശയിയ്ക്കുന്നു. ഒരേ സ്വരത്തിൽ അഡ്ജൂഡിക്കേഷൻ തെറ്റാണു്; സമരം ചെയ്യുന്നതു തൊഴിലാളികളുടെ വർഗ്ഗധർമ്മമാണു്, അതു് അവരുടെ ആവശ്യമാണു്. അതിൽനിന്നു് തെറ്റരുതെന്നൊക്കെ പറയുന്നുണ്ടു്. യൂണിയന്റെ ലഘുലേഖകളിൽത്തന്നെ ഇങ്ങനെയെല്ലാം കാണാം. അതായതു് സ്റ്റൈക്കു് ചെയ്യാനുള്ള അവകാശം വേണമെന്നാണു് പറയുന്നതു്. രണ്ടുതരത്തിലെ തൊഴിൽത്തർക്കം തീരുമാനിയ്ക്കാൻ സാധിയ്ക്കുകയുള്ളു. സെറ്റിൽമെന്റുവേണം. അതിനുള്ള മാർഗ്ഗമാണു്. അഡ്ജൂഡിക്കേഷൻ സെറ്റിൽമെന്റു വേണ്ടെന്നുവച്ചു. അതിൽ എന്താണു തെറ്റുള്ളതു്. ശ്രീ. കണ്ണൻ തൊഴിലാളികളുടെ സമരത്തിനുള്ള അവകാശം എടുത്തു കളഞ്ഞു എന്നു ശക്തിയായിവാദിച്ചു. ആരാണു് അങ്ങനെ എടുത്തുകളഞ്ഞതു്. തൊഴിലാളികൾ സ്റ്റൈക്കു് ചെയ്യുന്നു. ആ സ്റ്റൈക്കു് ഇല്ലീഗലാണെന്നു് ഗവൺമെന്റു പ്രഖ്യാപിച്ചിട്ടില്ല. ഒരു വലിയ തെറ്റിദ്ധാരണയുടെ ഫലമായിട്ടാണു് അപ്രകാരം പറഞ്ഞതു്. ഗവൺമെന്റു് എപ്പോഴും സെറ്റിൽമെന്റിനു് ഒരുക്കമാണെന്നാണു് എനിയ്ക്കു പറയാനുള്ളതു്. തൊഴിലാളികളും മുതലാളിയുമായി തർക്കം ഉണ്ടാകുമ്പോൾ സെറ്റിൽ ചെയ്യല്ലാതെ അതു അവസാനിപ്പിക്കാൻ സാധിക്കുകയില്ലെന്നു് ഗവൺമെന്റു വിശ്വസിയ്ക്കുന്നു. സ്റ്റൈയ്ക്ക് ചെയ്യണം, എന്നിട്ടു സെറ്റിൽ ചെയ്യണമെന്നു പറയുന്നതു ശരിയല്ല. മാത്രമല്ല ഈ അഡ്ജൂഡിക്കേഷൻ ഏതാനും ദിവസങ്ങൾക്കകം വിധി ആക്കാൻ പോകുകയാണു്. ഗവൺമെന്റിനു് ഇതുകാര്യം പറഞ്ഞു തീർക്കാൻ സാധിക്കുകയില്ലെന്നു ആരുപറഞ്ഞു. എന്നാൽ ഗവൺമെന്റു് അടുത്തകാലത്തുതന്നെ ഈ സഭയുടെ അംഗീകാരത്തോടുകൂടി ഉണ്ടാക്കിയിട്ടുള്ള ഒരു നിയമത്തിനു് വിരുദ്ധമായി സ്റ്റൈക്കു് ചെയ്തു് വരുന്നതിനു് മദ്ധ്യസ്ഥത പറയണമെന്നുള്ളതു നയപരമായ കാരണങ്ങളാൽ ഗവൺമെന്റിനു് സ്വീകരിക്കാൻ നിവർത്തിയില്ല. ശ്രീ. ഗംഗാധരൻ പറയുന്നതുപോലെ ഗവൺമെന്റു യാതൊരു ഭീഷണിയും മുഴക്കുന്നില്ല. ജനറൽ എലക്ഷൻ വരുന്നതുകൊണ്ടു കുറച്ചു ഭീഷണിപ്പെടുത്തലും മറ്റും നടത്തിയാൽ അവിടെ ജയംകിട്ടുമെന്നു അദ്ദേഹം പറഞ്ഞു. ജനറൽ എലക്ഷൻ അടുത്തിരിക്കുമ്പോൾ ആരെങ്കിലും നിവൃത്തിയുണ്ടെങ്കിൽ ഇങ്ങനെയുള്ള സാഹസത്തിനു മുതിരുമോ?

എന്നാൽ ജനറൽ എലക്ഷൻ വരുന്നതുകൊണ്ടു ചിലർ ജയിലിൽപോയാൽ കൊള്ളാമെന്നു വിചാരിയ്ക്കുന്നു. ചിലക്കു് രക്തസാക്ഷികളായാൽ കൊള്ളാമെന്നുണ്ടു്. ജനറൽ എലക്ഷൻ വരുന്നതുകൊണ്ടു് ഒരു സ്റ്റൈക്ക് ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

ക്കി പൊതുജനങ്ങളുടെ കണ്ണിൽ മണ്ണിട്ടാൽ കൊള്ളാമെന്നും ആഗ്രഹിയ്ക്കുന്നുണ്ട്. അതുകൊണ്ടാണ് വട്ടിയിൽനിന്നു പുച്ച പെളിയിൽ ചാടുന്നതുപോലെ ശ്രീ. ഗംഗാധരന്റെ കയ്യിൽനിന്നു ജനറൽ എലക്ഷൻ സംഗതി പുറത്തുവന്നതു്. ഈ ഗവണ്മെൻറിന്റെ തൊഴിൽ നയം അതായതുകൊണ്ടു്, ഈ ഗവണ്മെൻറു തൊഴിൽതക്കം സെറിൽ ചെയ്തു തീർത്താൽ കൊള്ളാമെന്നു ആഗ്രഹിയ്ക്കുന്നു. പക്ഷെ നിയമവിരുദ്ധമായ സ്ട്രൈക്ക് ദണ്ഡ് കയ്യിലേന്തിക്കൊണ്ടു ഗവണ്മെൻറിന്റെ മുമ്പിൽ വരുന്നതു ഗവണ്മെൻറിനു് ഇഷ്ടമില്ല. സോഷ്യലിസ്റ്റ് പാർട്ടിയെ ഉപദ്രവിക്കണമെന്നു് ഗവണ്മെൻറിനു് ആഗ്രഹമില്ല. സോഷ്യലിസ്റ്റ് പാർട്ടിയുടെ ബന്ധുത്വമോ മൈത്രിയോ ഉള്ളതുകൊണ്ടല്ല ഇതു പറയുന്നതു്. അങ്ങനെയുള്ള യാതൊരു ഉദ്ദേശവുമില്ല. മർദ്ദനം കൂടാതെതന്നെ സോഷ്യലിസ്റ്റ് പാർട്ടിയോടു പൊരുതുമാറാനുള്ള വൈഭവവും ശക്തിയും കാൺഗ്രസ്സിനു് ഉണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. അതുകൊണ്ടു് ഞാൻ മോഷനെ എതിർക്കുന്നു.

Sri. K. P. Nilakanta Pillai: The motion may be put to vote.

The motion was put and lost.

Sri V. Gangadharan: I demand a poll.

A poll was taken with the following result:—

Ayes-26

1	Sri. A. Achuthan	14	Sahib Bahadur T. A. Mohideen Kunju
2	,, P. C. Adichan	15	Sri. N. Neelakantaru Pandarathil
3	,, N. Daniel Jose	16	,, K. P. Nilakanta Pillai
4	,, V. Gangadharan Nair	17	,, Mannathu Padmanabha Pillai
5	,, P. C. George	18	,, M. Palpu
6	,, Mannar Gopalan Nair	19	,, C. C. Prasad
7	,, Kannara Gopala Panicker	20	,, A. K. Patchu Pillai
8	,, M. Govindan	21	,, K. Ramakrishna Achari
9	,, K. K. Kannan	22	,, R. Sankar
10	,, P. K. Krishnan Sastri	23	,, S. Sivaraman Asari
11	,, N. K. Krishna Pillai	24	,, Ponnara G. Sreedhar
12	,, P. K. Kumaran Asari	25	,, A. Thanu Pillai
13	,, S. Kuttan	26	,, Kalathil Velayudhan Nayar

Noes—87

1	Miss. Accamma Cheriyan	17	Sri. K. K. Chellappan Pillai
2	Sri. K. A. Achuthan	18	Mrs. Devaki Gopidas
3	,, K. T. Achuthan	19	Sri. T. V. Devan
4	,, R. Achuthan	20	,, P. K. Dewer
5	,, Albert Lopez	21	,, Ambat Eachara Menon
6	,, Alexander Parambithara	32	,, Eapen Arakkal
7	,, Alexander Vakayil	23	,, K. R. Elankath
8	Miss Annie Joseph	24	,, A. K. George
9	Sri. Krishnan Ayyappan	25	,, P. Gopalan
10	,, K. Ayyappan	26	,, Panampilli Govinda Menon
11	,, P. Balakrishnan Tampi	27	,, O. T. Inasu
12	,, T. S. Bandu	28	,, A. L. Jacob
13	,, E. Bhaskaran	29	,, A. J. John
14	,, P. Chacko	30	,, A. V. Joseph
15	,, K. M. Chandy	31	,, K. S. Joseph
16	,, Cheladi Rowther	32	,, Joseph Mundasseri

LIBRARY ARCHIVES Kerala Legislative Assembly

33 Sri. Joseph Mundasseri
34 ,, C. Kesavan
35 ,, K. K. Kesavan
36 ,, T. T. Kesavan Sastri
37 ,, N. S. Kochukunju
38 ,, K. Kochukuttan
39 ,, K. M. Kora
40 ,, P. K. Krishnankutty Menon
41 Sahib Bahadur A. K. Kunjumoideen
42 Sri. T. K. Kunjayyappan
43 ,, Konnanath Kunjiraman Menon
44 ,, P. Kunjukrishnan
45 ,, N. Kunjuraman
46 Sri. P. S. Madhavan Vaidyan
47 Dr. E. K. Madhavan
48 ,, Mankuzhi M. Madhavan
49 ,, V. Madhavan
50 ,, V. O. Markos
51 ,, K. A. Mathew
52 ,, M. C. Mathew
53 ,, M. K. Menon
54 Sahib Bahadur Mohammed Mustafa
55 ,, K. A. Mohammed
56 Sri. P. Nanoo
57 ,, Kodanat Narayanan Nambudiripad
58 ,, C. Narayana Pillai
59 ,, Parur T. K. Narayana Pillai
60 Sri. G. P. Nilakanta Pillai
61 ,, M. I. Paul
62 ,, P. K. Paul
63 ,, Paul Thaliath
64 ,, Paulose Paylee
65 ,, K. Ramakrishna Pillai
66 ,, P. K. Raman
67 ,, M. Raman Pillai
68 ,, Pandavathu Sankara Pillai
69 ,, A. K. Sankunni
70 ,, T. M. Sannalan
71 ,, Sebastian Thoppil
72 ,, T. P. Seetharaman
73 ,, K. Sekhara Panicker
74 ,, S. Sivaraman Asari
75 ,, A. P. Sivaramakrishnan
76 Sahib Bahadur K. H. Sulaiman
77 Sri. A. M. Thomas
78 ,, A. P. Udayabhanu
79 ,, Varghese Augustin
80 ,, P. M. Varghese
81 ,, N. P. Varghese
82 ,, V. K. Varghese
83 ,, M. Varkey
84 ,, K. K. Vasu Panicker
85 ,, M. R. Velappan
86 ,, K. I. Velayudhan
87 ,, K. K. Viswanathan

Neutrals—9

1 Sri. Elias (Mary Antony)
2 ,, Gabriel Nadar
3 ,, Ittiera Ambookan
4 ,, K. Natarajan Chettiar
5 ,, D. Ponniah
6 Sri. A. Ramasubramonia Karayalar
7 ,, Sadasivan.
8 ,, K. N. Sankunni Pillai
9 ,, K. Sivarama Pillai

The motion was declared lost

മിസ്റ്റർ സ്പീക്കർ: ഈ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ ഏഴു മണിക്കു വീണ്ടും കൂടുന്നതുമാണ്.

The Assembly adjourned at 6 p.m. to meet again at 11 a.m. on Friday, the 27th October 1950

V. KRISHNAMOORTHI AIYAR
Secretary to the Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly